കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത്

2016-2017

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,ജില്ലാ

ഓഡിറ്റ് കാര്യാലയം,വയനാട്

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.(ഡബ്ല്യ.വൈ.ഡി.).പി.4/575/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്, കൽപ്പറ്റ

പിൻ – 673121
ഫോൺ: 04936-203672
തീയതി:07.10.2017.

ഡെപ്യൂട്ടി ഡയറക്ടർ

വയനാട് ജില്ല.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2, 2-5, 2-6, ഭാഗം 3ലെ 3-3 എന്നീ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,വയനാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പി.4/575/2017 തീയതിഃ 07.10.2017

<u>വയനാട് ജില്ലയിലെ, നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത് 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2016 മുതൽ തിയ്യതി 31-03-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. പി .എസ്. വസന്ത<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14-08-2017 മുതൽ 23-08-2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| 01 | ശ്രീ. അഗസ്റ്റ്യൻ. ഒ. കെ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| 02 | ശ്രീ. അലി അക്ബർ .കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 03 | ശ്രീ. ഷാജി. പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 04 | ശ്രീ. ജയൻ. പി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ.ശോഭൻ കുമാർ | 01-04-2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | ശ്രീ. അബ്ദുള്ള.വി.എം | 01-04-2016 മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|
| ശ്രീമതി. ഷോബി.കെ.ബി | അസി.സെക്രട്ടറി | 01-04-2016 മുതൽ 31-03-2017 വരെ |
| ശ്രീ. ജീവൻ. പി. | അസി.എൻജിനീയർ<br>എൽ.എസ്.ജി.ഡി. | 01-04-2016 മുതൽ 08-07-2016 വരെ |
| ശ്രീമതി.വിനീത. സി.റ്റി. | | 11-07-2016 മുതൽ 15-03-2017 വരെ |
| ശ്രീ. സലോഷ് എൽദോ. കെ | | 16-07-2016 മുതൽ 31-03-2017 വരെ |
| ശ്രീമതി. ലൂസി. എം. കെ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2016 മുതൽ 05-10-2016 വരെ |
| ശ്രീമതി. ഷാലി | | 06-10-2016 മുതൽ 31-03-2017 വരെ |
| ശ്രീ. ലെനിൻ | വി.ഇ.ഒ | 01-04-2016 മുതൽ 31-03-2017 വരെ |
| ശ്രീ. മുഹമ്മദ് ബഷീർ | | 01-04-2016 മുതൽ 31-03-2017 വരെ |
| ശ്രീമതി. ഷൈനി | ട്രൈബൽ ഓഫീസർ | 01-04-2016 മുതൽ 31-03-2017 വരെ |
| ശ്രീമതി.ഷീല | എച്ച്.എം., ജിഎൽപിഎസ് | 01-04-2016 മുതൽ 31-03-2017 വരെ |

| | | |
|---|---|---|
| ശ്രീമതി. ചിത്ര | കൃഷി ഓഫീസർ | 01-04-2016 മുതൽ 31-03-2017 വരെ |
| ഡോ.ദാഹിർ മുഹമ്മദ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2016 മുതൽ 31-03-2017 വരെ |
| ഡോ.കെ.ജി.രഞ്ജിത്ത് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2016 മുതൽ 31-03-2017 വരെ |
| ഡോ.കെ.അസ്സൈനാർ | വെറ്ററിനറി സർജ്ജൻ | 01-04-2016 മുതൽ 31-03-2017 വരെ |
| ശ്രീമതി. ധന്യ | ഡയറി ഇൻസ്പെക്ടർ | 01-04-2016 മുതൽ 31-03-2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | കാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | ഇ-ടെണ്ടർ - ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കാത്തത് സംബന്ധിച്ച് | 2-1 |
| 12 | റിസോർട്ടുകളെ ലോഡ്ജായി കണക്കാക്കി വസ്തുനികുതി നിർണ്ണയിക്കുന്നു-പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ വൻ നഷ്ടം | 2-2 |
| 13 | റിസോർട്ടുകളുടെയും ഹോംസ്റ്റേകളുടെയും വസ്തുനികുതി പിരിവ് വിവരം ലഭ്യമാക്കിയില്ല. | 2-3 |
| 14 | സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ വന്ന് രണ്ട് വർഷത്തിലധികമായിട്ടും സ്വകാര്യഹോസ്റ്റൽ,ഹോംസ്റ്റേ, ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ എന്നിവയ്ക്കുള്ള അടിസ്ഥാനവസ്തുനികുതി നിരക്ക് നിശ്ചയിച്ചില്ല. | 2-4 |
| 15 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി കുറവായി നിർണ്ണയിച്ചു | 2-5 |
| 16 | മൊബൈൽ ടവ്വറുകളുടെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 2-6 |
| 17 | നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം 2016-17 കാലയളവിൽ രണ്ട് അക്കൗണ്ടിൽ അടവാക്കുന്നു. | 2-7 |

| | | |
|---|---|---|
| 18 | കളക്ഷൻ ബാങ്കിൽ അടവാക്കിയിട്ടില്ല | 2-8 |
| 19 | കളക്ഷൻ അടവാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല | 2-9 |
| ഭാഗം 3 | | |
| 20 | അസി. എഞ്ചിനീയർ രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 3-1 |
| 21 | മൂലവയൽ - വെളുതൊണ്ടി റോഡ് ഡ്രെയിനേജ്, കലുങ്ക് പ്രവൃത്തി - ടെണ്ടർ തിരുത്തിയതിനാൽ അധികച്ചെലവ് | 3-2 |
| 22 | ഗുണഭോക്തൃസമിതിയുടെ ചെലവ് രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ സംബന്ധിച്ച്- | 3-3 |
| 23 | തൊഴിലാളി ക്ഷേമനിധി വിഹിതം അടച്ചത്- കൈപ്പറ്റ് വിവരം ഇല്ല | 3-4 |
| 24 | കണ്ണംകോട് നവോദയ ക്ലബ്ബ് കെട്ടിടം മെയിന്റനൻസ്-സംബന്ധിച്ച്. | 3-5 |
| 25 | പൗരാവകാശ രേഖ തയ്യാറാക്കൽ - നഷ്ടം 62640/- രൂപ | 3-6 |
| 26 | വിവിധ പദ്ധതികൾ - നിർവ്വഹണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 3-7 |
| 27 | തനത് ഫണ്ട് - തിരിച്ച് പിടിച്ചിട്ടില്ല. | 3-8 |
| 28 | ടി.എസ്.പി ഫണ്ട് ചെലവഴിച്ചിട്ടില്ല | 3-9 |
| 29 | സാഫല്യം ഭവന പദ്ധതി - ലോൺ തിരിച്ചടവ്- അപാകതകൾ | 3-10 |
| 30 | എസ്.റ്റി വീട് - പണി പൂർത്തീകരിച്ചിട്ടില്ല | 3-11 |
| 31 | തുടർ സാക്ഷരത- അനുമതിയില്ലാത്ത ഇനങ്ങൾക്ക് തുക ചെലവഴിച്ച. | 3-12 |
| 32 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് യൂണിഫോം - വാങ്ങൽ നടപടികൾ പാലിച്ചിട്ടില്ല | 3-13 |
| 33 | സ്കൂളുകളിൽ ഷീപാഡ് പദ്ധതി | 3-14 |
| 34 | മെഡിസിൻ കവർ,പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് പ്രവർത്തന ക്ഷമമല്ല. | 3-15 |
| 35 | ഫണ്ട് വിനിയോഗിച്ചെങ്കിലും മരുന്ന് മുഴുവൻ ലഭിച്ചിട്ടില്ല, സ്റ്റോക്ക് യഥാവിധം സൂക്ഷിച്ചിട്ടില്ല | 3-16 |
| 36 | ഹോമിയോ ആശുപത്രി ഹെൽത്ത് ക്ലബ്ബിന് വ്യായാമ ഉപകരണങ്ങൾ വാങ്ങൽ - ഹെൽത്ത് ക്ലബ്ബ് പ്രവർത്തനക്ഷമമായിട്ടില്ല | 3-17 |
| 37 | ഹോമിയോ ആശുപത്രയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭിച്ചിട്ടില്ല | 3-18 |
| 38 | തൊഴുത്ത് നിർമ്മാണത്തിന് സഹായം- തൊഴുത്ത് ഉപയോഗപ്രദമാക്കിയില്ല | 3-19 |
| 39 | വിധവകൾക്ക് ആട് വളർത്തൽ-ആടുകളെ വാങ്ങാതെ പണം നല്കി. | 3-20 |
| 40 | തെരുവ് നായ്ക്കളെ വന്ധ്യം കരിക്കൽ- പ്രവർത്തന റിപ്പോർട്ട് ലഭ്യമല്ല | 3-21 |
| 41 | കുരങ്ങ് പനിക്ക് കാരണമായ ചെള്ള് വ്യാപന നിയന്ത്രണം- മരുന്ന് വിതരണം ചെയ്യതിട്ടില്ല | 3-22 |
| 42 | കിഡ്നി രോഗികൾക്ക് ഡയാലിസിസിന് മരുന്ന് പൂർണ്ണമായും ലഭിച്ചില്ല. | 3-23 |
| 43 | പിഎച്ച്സി യിലേക്കുള്ള ലാബ് മോഡുലാർ ഫർണ്ണിച്ചർ വാങ്ങൽ അപാകങ്ങൾ | 3-24 |
| 44 | പി.എച്ച്.സി ൽ വരുന്ന വനിതകൾക്ക് ഈടോയ് ലറ്റ്-ടെണ്ടർ നിബന്ധന പ്രകാരമുള്ള വാറണ്ടി ഉറപ്പുവരുത്തിയില്ല | 3-25 |
| 45 | പിഎച്ച്സി പുതിയ ബ്ലോക്കിന് ഉപകരണങ്ങൾ,ഈ-ഹോസ്പിറ്റൽ സിസ്റ്റം-ബ്ലോക്ക് പ്രവർത്തനക്ഷമമായില്ല | 3-26 |

| | | |
|---|---|---|
| ഭാഗം 4 | | |
| 46 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 47 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 49 | വായ്പ/ വായ്പ തിരിച്ചടവ | 4-4 |
| 50 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 51 | ഓഡിറ്റ് റിക്കവറി | 4-6 |
| 52 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 53 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 54 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധം ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2016-2017 വർഷത്തെ ബജറ്റ് പാസ്സാക്കിയ തീരുമാനം നമ്പർ/തീയതി | 2016-2017 വർഷത്തെ ബജറ്റ്(പുതുക്കിയത്) പാസ്സാക്കിയ തീരുമാനം നമ്പർ/തീയതി |
|---|---|
| 1 / 16-17/ 08-02-2016 | 3 / 06-03-2017 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-17 | 31-07-17 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 22-08-2017 | |

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക കണക്കുകൾ പരിശോധനാ വിധേയമാക്കിയതിൽ കണ്ട വിശേഷണങ്ങൾ താഴെ കൊടുക്കുന്നു.

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ ബജറ്റ്, ഫങ്ഷൻ ഫങ്ഷണറി അടിസ്ഥാനത്തിൽ പുനഃക്രമീകരിച്ച് അംഗീകാരം വാങ്ങി സാംഖ്യയിൽ ഉൾപ്പെടുത്താത്തതിനാൽ പരിശോധിക്കാൻ സാധിക്കുന്നില്ല.
2. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സാംഖ്യ ആരംഭിച്ച വർഷത്തിൽ ഓപ്പണിംഗ് ബാലൻസ് ഷീറ്റിൽ

ഉൾപ്പെടുത്താത്ത മുഴുവൻ ആസ്തി ബാധ്യതകളും തുടർ വർഷങ്ങളിൽ സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. വിവിധയിനം നികുതികൾ, ഫീസുകൾ,മറ്റ് ധന സ്രോതസ്സുകൾ എന്നിവ കണ്ടെത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ച നടപടികളുടെ രേഖകൾ ഇല്ല. വരവിന്റെ പുരോഗതി ചർച്ച ചെയ്ത വിവരം ഭരണ സമിതിക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.
4. ട്രഷറിയിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥർ വ്യക്തിഗത ഗുണഭോക്താക്കൾക്കായി മാറുന്ന അലോട്ട്മെന്റുകൾ ഗുണഭോക്താക്കൾക്ക് നൽകാനായി ബ്രിഡ്ജ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ബ്രിഡ്ജ് അക്കൗണ്ടുകളിൽ സാമ്പത്തിക വർഷാവസാനം വിതരണം ചെയ്തിട്ടില്ലാത്ത തുകകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെയും അദ്ധ്യക്ഷന്റെയും പേരിലുള്ള സംയുക്ത അക്കൗണ്ടുകളിൽ സാമ്പത്തിക വർഷാവസാനം നീക്കിയിരിപ്പുണ്ട്. ഉദാഹരണം താഴെ ചേർക്കുന്നു

| ക്രമ.നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബാങ്ക്/അക്കൗണ്ട് നം | 31.03.2017 ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 57068379521 | 49,530 |
| 2 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | | |
| 3 | ഹെഡ് മാസ്റ്റർ | 67291031051 | 3376 |

4. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാർ പിരിച്ചെടുക്കുന്ന വാറ്റ് ,ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല.
6. ഡി.ഡി ഇഷ്യൂ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.
7. ലോൺ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
8. ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയും സെക്രട്ടറി നേരിട്ടും നൽകിയ ടെണ്ടർ ഫോറം വിൽപ്പന വഴി ലഭിച്ച തുകയുടെ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
9. വാർഷിക കണക്കിൽ (RP-31) രേഖപ്പെടുത്തിയ BRGF തുക 687745രൂപ. ആകെ ലഭിച്ച തുക 6,64,456/-(ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം). വ്യത്യാസം വിശദീകരിച്ചിട്ടില്ല.
10. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 58 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. സെക്രട്ടറി ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
11. ആസ്തി രജിസ്റ്റർ സർക്കാർ ഉത്തരവ് പ്രകാരം തയ്യാറാക്കി പൂർത്തിയാക്കിയിട്ടില്ല.
12. പഞ്ചായത്തിനു പിരിഞ്ഞ് കിട്ടാനുള്ളവയിൽ സംശയമാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
13. വൗച്ചർ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.
14. തനത്ഫണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കേണ്ടതാണ്. തനത്ഫണ്ട് അക്കൗണ്ടിൽ ആയത് മാത്രം നിക്ഷേപിക്കേണ്ടതാണ്.
15. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാരിൽ നിന്നും അലോട്ട്മെന്റ് നൽകിയതിന്റെ തൊട്ടടുത്ത മാസം 5ാം തീയതിക്ക് മുമ്പായി ചെലവ് വിവരം/വിനിയോഗ സാക്ഷ്യപത്രം വാങ്ങുന്നില്ല
16. വസ്തുനികുതി മുൻവർഷങ്ങളിലെ അധിക ഡിമാന്റ് ക്രമീകരിച്ചതിന്റെ വിശദവിവരങ്ങൾ തയ്യാറാക്കിയിട്ടില്ല.
17. 2015 -16 വർഷത്തിലെ അപാകതകൾ പരിഹരിച്ചതിന്റെ വിവരങ്ങൾ ഉൾക്കൊള്ളിച്ച അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക കണക്കിനൊപ്പം വെച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| വിവരണം | തുക |
|---|---|
| മുന്നിരിപ്പ് | 17341053.00 |
| വരവ് | 92451778.00 |
| ആകെ | 109792831.00 |
| ചെലവ് | 93128745.00 |
| നീക്കിയിരിപ്പ് | 16664086.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി (RP 40 b പ്രകാരം) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 24865353 | 24865353 | 20954244 | 0 | 0 | 84% |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1302570 | 1302570 | 808625 | 0 | 0 | 62% |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 27349545 | 27349545 | 15732844 | 0 | 0 | 57.5% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 16524411 | 16524411 | 3179923 | 0 | 0 | 19.2% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5741589 | 5741589 | 5365473 | 0 | 0 | 93.4% |
| ധനകാര്യകമ്മീഷൻ അവാർഡ് | 0 | 9835530 | 9835530 | 3768128 | 0 | 0 | 38.3% |
| ലോക ബാങ്ക് സഹായം | 0 | 2088115 | 2088115 | 1417080 | 0 | 0 | 67.8% |
| ബി ഫണ്ട് | 0 | 39316465 | 39316465 | 39316465 | 0 | 0 | 100% |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 210 | 118635180 | 105 | 57019660 | 80 | 25 | 50 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|

| | | | അടങ്കൽ തുക | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 7700847 | 6393980 | 83 |
| മൃഗ ഡോക്ടർ | 7 | 7 | 2229753 | 894753 | 40 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 7 | 6 | 4774524 | 4517275 | 94.6 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 2 | 2 | 230000 | 230000 | 100 |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 2 | 2 | 560000 | 560000 | 100 |
| വി.ഇ.ഒ | 2 | 2 | 2714000 | 1240000 | 45.68 |
| ഐ.സി.ഡി.എസ് | 9 | 7 | 8276202 | 6500628 | 78.54 |
| ടി.ഇ.ഒ | 2 | 1 | 2742288 | 410000 | 14.95 |
| സെക്രട്ടറി | 18 | 7 | 8970000 | 3294615 | 36.72 |
| ഹെഡ് മാസ്റ്റർ | 7 | 5 | 3780000 | 3320809 | 87.85 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 142 | 54 | 60676108 | 15617720 | 25.73 |
| ഡയറി ഇൻസ്ട്രക്റ്റർ | 2 | 2 | 4828888 | 4391255 | 90.25 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 6 | 11152570 | 9648625 | 86.51 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ:

---ഇല്ല---

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വ്യത്യാസം ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2918455 | 3223950 | 305495 | +10% |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 744594 | 510416 | 234178 | -31.4% |
| മറ്റുവരവുകൾ | 308536 | 97819 | 210717 | -68.3% |
| ആകെ | 3971585 | 3832185 | 139400 | -3.5% |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 119 | 191040 |
| കർഷകതൊഴിലാളി പെൻഷൻ | 351 | 3319630 |
| വിധവാപെൻഷൻ | 1220 | 14559000 |
| വാർദ്ധക്യകാലപെൻഷൻ | 1529 | 17219500 |
| വികലാംഗപെൻഷൻ | 243 | 3108400 |
| അവിവാഹിത പെൻഷൻ | 48 | 431900 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16/08/2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 942/- (തൊള്ളായിരത്തി നാൽപ്പത്തിരണ്ട് രൂപ മാത്രം) രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 28.07.2017 | June 2017 | 01.08.2017 | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ | 11.07.2014 മുതൽ | 2009/10 മുതൽ | 17.09.2014 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | ഓഡിറ്റ് | 25.07.2014 | 2013-14 | | |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ-ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കാത്തത്.

അസി.എഞ്ചിനീയർ 2016-17 വർഷത്തിൽ നിരവധി പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫോറം വില/ഫീ ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിൽ ലഭ്യമായിട്ടില്ല.

ഓഡിറ്റിനായി സമർപ്പിച്ച വാർഷിക കണക്ക് പ്രകാരം (RP-5) 1,49,489/- രൂപ ടെണ്ടർ ഫോറം വിലയിനത്തിൽ വരവുണ്ട്. എന്നാൽ ഇ-ടെണ്ടർ വർക്കുകളുടെ ഫോറം വിലയിനത്തിൽ വരവായി ലഭിച്ചത് ഈ കണക്കിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. മേൽ തുക പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം നൽകണമെന്നും ഈ തുക ലഭിക്കാനായി പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കണമെന്നും ഓഡിറ്റ് എൻക്വയറി നം.16/16-17/23.08.2017 മുഖേന ആവശ്യപ്പെട്ടതിന് നല്കിയ മറുപടിയിൽ ടെണ്ടർ ഫോറം വിലയിനത്തിലുള്ള തുക എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഉള്ളതെന്നും, തുക പഞ്ചായത്തിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടകൾ കൈക്കൊള്ളുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിലെ പുരോഗതി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 റിസോർട്ടുകളെ ലോഡ്ജായി കണക്കാക്കി നികുതി നിർണ്ണയിക്കുന്നു-പഞ്ചായത്തിന് വൻ നഷ്ടം

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടത്തിന്റെ അടിസ്ഥാനത്തിലുള്ള നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 02.06.2011 ലെ 121/2011 നമ്പർ തീരുമാന പ്രകാരം ലോഡ്ജ് കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30/- രൂപ നിരക്കിലും റിസോർട്ടുകൾക്ക് 90/- രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ഇന്റർനെറ്റിലും സ്ഥാപനങ്ങളുടെ അടുത്തുള്ള നാഷണൽഹൈവേയുടെ അരികിൽ വെച്ച ബോർഡിലും, 'ലോഡിജിംഗ്'' ലൈസൻസിനോടൊപ്പം സമർപ്പിച്ച കേരളസംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റെ അനുമതിപത്രം, ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് എന്നിവയിലും സ്ഥാപനങ്ങൾ റിസോർട്ടായിട്ടാണ് സൂചിപ്പിച്ചിരിക്കുന്ന തെങ്കിലും അവയെ ലോഡ്ജായി പരിഗണിച്ചാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ആയതിനാൽ വസ്തുനികുതിയിനത്തിൽ പ്രതിവർഷം വൻ നഷ്ടം സംഭവിക്കുന്നു. ഇക്കാര്യം പരിശോധിക്കുന്നതിനായി കല്ലൂരിലെ ഫോർട്ട് റിസോർട്ട്, മുത്തങ്ങയിലെ വൈൽഡ് ടസ്കർ റിസോർട്ട് നെന്മേനിക്കുന്നിലെ വയനാട് നാച്വർ റിസോർട്ട് തുടങ്ങിയ റിസോർട്ടുകളിൽ പഞ്ചായത്ത് അധികൃതരോടൊപ്പം സംയുക്ത സ്ഥലപരിശോധന നടത്തി. ഫയൽ പ്രകാരവും സ്ഥലപരിശോധനയിലും കണ്ട വസ്തുതകളും വസ്തുനികുതി നിർണ്ണയത്തിലെ അപാകതകളും താഴെ കൊടുക്കുന്നു.

(വാർഷിക വസ്തുനികുതി = അടിസ്ഥാന വസ്തുനികുതി + അടിസ്ഥാന വസ്തുനികുതിയിലെ വർദ്ധനവ് - അടിസ്ഥാന വസ്തുനികുതിയിലെ ഇളവ്

മേഖല – പ്രഥമം -അടിസ്ഥാന വസ്തുനികുതിയിൽ വർദ്ധനവോ ഇളവോ ഇല്ല, ദ്വിതീയം - അടിസ്ഥാന വസ്തുനികുതിയിൽ10 % ഇളവ്

വഴി സൗകര്യം - 5 മീ കൂടുതൽ - അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ്

5 മീ കുറവ് - 1.5 മീ കൂടുതൽ - അടിസ്ഥാന വസ്തുനികുതിയിൽ വർദ്ധനവോ ഇളവോ ഇല്ല )

I) വയനാട് ഫോർട്ട് റിസോർട്ട്,കല്ലൂർ

22.08.2017 ന് നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ ഈ റിസോർട്ടിൽ ശ്രീമതി.ഫാത്തിമ്മ ടി.കെ., നെല്ലിയുള്ളതിൽ, തലശ്ശേരി, ശ്രീ. യൂസഫ് ടി.കെ, നെല്ലിയുള്ളതിൽ,തലശ്ശേരി എന്നിവരുടെ ഉടമസ്ഥതയിലുള്ള 9 കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നു. എന്നാൽ പഞ്ചായത്ത് 8 കെട്ടിടങ്ങൾക്കാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. 2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 38(പട്ടിക4ബി(1)) പ്രകാരം 20 പാർക്കിംഗ് സ്ഥലം ആവശ്യമാണ്. എന്നാൽ നിലവിൽ കെട്ടിടത്തിന്റെ മുമ്പിൽ രണ്ട് കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലം മാത്രമേയുള്ളൂ (വിശദാംശങ്ങൾ ചുവടെ കൊടുത്തിട്ടുണ്ട്). പഞ്ചായത്ത് നൽകിയ കെട്ടിട പെർമ്മിറ്റിന് വിരുദ്ധമായി പണി പൂർത്തീകരിച്ചതിനാൽ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 എഎ പ്രകാരം കെട്ടിടം പണി പൂർത്തിയാക്കിയ തിയ്യതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി പണി കഴിപ്പിച്ചിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ട് ഇരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. നികുതി നിർണ്ണയിത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

എ)

| കെട്ടിടമുടമയുടെ വിശദാംശങ്ങൾ | 28.01.15 ലെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം | കെട്ടിട നമ്പർ/ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി (അടിസ്ഥാന വസ്തുനികുതി നിരക്ക് 30/ രൂപ ച.മീ. നിരക്കിൽ) | നിർണ്ണിയിക്കേണ്ട നികുതി (അടിസ്ഥാന വസ്തുനികുതി നിരക്ക് 90/ രൂപ ച.മീ. നിരക്കിൽ) | വ്യത്യാസം |
|---|---|---|---|---|---|
| ഫാത്തിമ്മ ടി.കെ. നെല്ലിയുള്ളതിൽ | 1164.33 ച.മീ<br>(മേഖല- പ്രഥമം, റോഡ്-5മീ കൂടുതൽ) | 11/357-A ഭൂനിരപ്പ് നില -118.5 ച.മീ<br>11/357-B- ഭൂനിരപ്പ് നില-155.97 ച.മീ<br>11/357-C ഭൂനിരപ്പ് നില- 155.97 ച.മീ<br>11/357-D- ഭൂനിരപ്പ്നില+ സെല്ലാർ-<br>405.41 ച.മീ (ഈ കെട്ടിട ത്തിന്റെ ഒന്നാം നിലക്ക് (328.48 ച.മീ.) വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. കൂടുതൽ) | (835.85 ച.മീ.ന് 30/ രൂപ നിരക്കിൽ + 20% വർദ്ധനവ്)<br>31916 + 1597<br>= 33513 | 1164.33x90+20% വർദ്ധനവ്<br>= 125748<br>ചട്ടവിരുദ്ധമായതിനാൽ 3 ഇരട്ടി =<br>3x 125748 = 377244<br>ലൈബ്രറി സെസ്സ്- 18862/- | 396106-<br>33513 =362593 |
| ആകെ | 1164.33 | 835.85 | 33513 | 396106 | 362593 |

ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 3,62,593/- രൂപയുടെ കുറവുണ്ട്.

ബി)

| കെട്ടിടമുടമയുടെ വിശദാംശങ്ങൾ | 25.01.16 ലെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഫോറം നം.6 പ്രകാരം കെട്ടിനമ്പർ/ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി (അടിസ്ഥാന വസ്തുനികുതി നിരക്ക് 90/രൂപ/ ച.മീ. നിരക്കിൽ) | നിർണ്ണിയിക്കേണ്ട നികുതി (ചട്ട വിരുദ്ധമാ യതിനാൽ 3 ഇരട്ടി) | വ്യത്യാസം |
|---|---|---|---|---|---|
| യൂസഫ് ടി.കെ നെല്ലിയുള്ളതിൽ<br>1461.93 ച.മീ | 158.70 ച.മീ. | 11/357-E ഭൂനിരപ്പ് നില +സെല്ലാർ | വസ്തുനികുതി =1,29,186/-<br>(11/357 ജി | 1461.93 ച.മീ. തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ 11/357ജി | 414458-<br>1,09153<br>= |

| | | | | | |
|---|---|---|---|---|---|
| (മേഖല-പ്രഥമം, റോഡ്-5മീ കൂടുതൽ,<br>മേൽക്കൂര | | 158.70 ച.മീ | കെട്ടിടത്തിന് കുറഞ്ഞതരം മേൽക്കൂര-ഇളവ് 20%)<br>ലൈബ്രറിസെസ്-55639/-<br>ആകെ-1,34,825/- | കെട്ടിടത്തിന്റെ ഒന്നാം നിലയുടെ 40.15 ച.മീ. കുറഞ്ഞതരം മേൽക്കൂരയായതിനാൽ ആയതിന് മാത്രമേ ഇളവുള്ളൂ. അത് ഒഴിച്ചുള്ള ഭാഗത്തിന്റെ വസ്തുനികുതി<br>1421.93x90+20% വർദ്ധനവ് =153552/-<br>ചട്ടവിരുദ്ധമായതിനാൽ 3 ഇരട്ടി =<br>3x153552 = 460656<br>3,94,722<br>ലൈബ്രറിസെസ്-23033<br>ആകെ - 483689<br>2)40.15 ച.മീ. കുറഞ്ഞ തരം മേൽക്കൂരയുള്ളതിന്റെ വസ്തുനികുതി 40.15x90+20% വർദ്ധനവ് +10% ഇളവ് 3975/- ചട്ടവിരുദ്ധമായതിനാൽ 3 ഇരട്ടി = 3x3975= 11925/- ലൈബ്രറി സെസ്സ് 5% 596/- ആകെ 12521 ആകെ (1+2)=496210 | 305305 |
| | 623.64ച.മീ. | 11/357-F-ഭൂനിരപ്പ് നില +സെല്ലാർ<br>158.70 ച.മീ. | | | |
| | 179.15<br>ച.മീ. | 11/357-G-ഭൂനിരപ്പ് നില<br>89 ച.മീ. ഒന്നാം നില 90.15 ച.മീ. | | | |
| | 500ച.മീ. | 11/357-H ഭൂനിരപ്പ് നില + സെല്ലാർ<br>500 ച.മീ. | | | |
| ആകെ | 1461.49 | 996.55 | 1,34,825 | 496210 | 361385 |

ആയതിനാൽ ഈ റിസോർട്ടിലെ വിവിധ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയത്തിൽ ആകെയുള്ള വസ്തുനികുതി കുറവ് = എ+ബി = 362593+361385= 7,23,978/- രൂപ മറ്റ് അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ആവശ്യമായ പാർക്കിംഗ് ഇല്ല

2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 38(പട്ടിക4ബി(1)) പ്രകാരം 20 ച.മി കൂടുതൽ കാർപ്പറ്റ് വിസ്തീർണ്ണമുള്ള ബാത്ത് അറ്റാച്ച്ഡ് ആയ ഓരോ 1.5 മുറികൾക്കോ അതിന്റെ അംശത്തിനോ ഒരു പാർക്കിംഗ് സ്ഥലം(15ച.മീ) ആവശ്യമാണ്. ഇതു കൂടാതെ റെസ്റ്റോറന്റുകൾക്ക് ഓരോ 10 സീറ്റിനും ഒരു പാർക്കിംഗ് സ്ഥലം എന്ന തോതിൽ പാർക്കിംഗ് സ്ഥലവും ആവശ്യമാണ്

20 ച.മി. കൂടുതൽ കാർപ്പറ്റ് വിസ്തീർണ്ണമുള്ള ബാത്ത് അറ്റാച്ച്ഡ് മുറികൾക്ക്(24 എണ്ണത്തിന് ) ആവശ്യമായ പാർക്കിംഗ് – 24/1.5 = 16

40 പേർക്ക് ഇരിക്കാവുന്ന റെസ്റ്റോറന്റിന് ആവശ്യമായ പാർക്കിംഗ് = 4

റിസോർട്ടിന് ചട്ടപ്രകാരം ആവശ്യമായ പാർക്കിംഗ് = 20 (300 ച.മീ )

നിലവിൽ കെട്ടിടത്തിന്റെ മുൻമ്പിൽ രണ്ട് കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലം മാത്രമേയുള്ളൂ (30 ച .മീ )

2)11/357-Dകെട്ടിടത്തിന്റെ 405.41 ച.മീ പ്ലിൻത്ഏരിയ്ക്ക് മാത്രമേ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളൂ. അതായത് 328.48 ച.മീ പ്ലിൻത്ഏരിയ്ക്ക് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

3)1/357-F കെട്ടിടത്തിന്റെ 623.64 ച.മീ. തറ വിസ്തീർണ്ണത്തിൽ 158.7 പ്ലിൻത്ഏരിയ്ക്ക് മാത്രമേ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളൂ

4) ഈ റിസോർട്ടിലെ ഒരു കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

<u>II) വൈൽഡ് ടസ്കർ റിസോർട്ട്</u>

സ്ഥാപനത്തിന് അടുത്തുള്ള നാഷണൽഹൈവേയുടെ അരികിൽ വെച്ച ബോർഡിൽ 'വൈൽഡ് ടസ്കർ റിസോർട്ട് ' എന്നാണ് സ്ഥാപനത്തിന്റെ ഇന്റർനെറ്റിലും സ്ഥാപനത്തിന്റെ പേര് ഇതുതന്നെയാണ്. ലോഡ്ജിംഗ് ലൈസൻസിനോടൊപ്പം സമർപ്പിച്ച കേരളസംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റെ ലൈസൻസ്, ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് എന്നിവയിൽ സ്ഥാപനം റിസോർട്ടാണ്. 21.08.17 ന് നടത്തിയ സ്ഥലപരിശോധനയിൽ ഈ സ്ഥാപനത്തെ ലോഡ്ജായാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത് .

| | |
|---|---|
| കെട്ടിട ഉടമയുടെ പേര് | ശ്രീ. കെ.സി. ഷാജി. കളത്തിങ്കൽ |
| കെട്ടടി നം. | 11/134 -A മുതൽ I വരെ |
| തറ വിസ്തീർണ്ണം | ഭൂനിരപ്പ് നില 242.48 ച.മീ |
| | ഒന്നാം നില 121.28 ച.മീ. |
| ആകെ | 363.76 ച.മീ. |

<table>
<tr><th rowspan="2">ക്രമ നം</th><th colspan="5">നിർണ്ണയിച്ച വസ്തുനികുതി</th><th rowspan="2">നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി</th></tr>
<tr><th>കെട്ടിടനം& നില</th><th>തറ വിസ്തീർണ്ണം ($m^2$)</th><th>ഉപയോഗക്രമം/ അടിസ്ഥാന നിരക്ക്</th><th>ഇളവ്(നില)/ വർദ്ധനവ് (വഴി സൗകര്യം 20 %)</th><th>ലൈബ്രറി സെസ്(5%)</th></tr>
<tr><td>1</td><td>8/134-B</td><td>30.31</td><td colspan="3" rowspan="9">ഫോം-6 പ്രകാരം കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം 363.76 ച.മീ. ഉപയോഗക്രമം -ലോഡ്ജ്. അടിസ്ഥാന നിരക്ക്-30/- രൂപ- വർദ്ധനവ്(വഴി സൗകര്യം) -20 % ഇളവ്- മേൽക്കൂര-കുറഞ്ഞതരം -10 % ലൈബ്രറിസെസ്-5 %.<br><br>നിർണ്ണയിച്ച വസ്തുനികുതി=14980/-<br><br>ലൈബ്രറിസെസ്-757/-<br><br>ആകെ-15,737/-</td><td rowspan="9">കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം 363.76 ച.മീ. ഉപയോഗക്രമം – റിസോർട്ട്. അടിസ്ഥാന നിരക്ക്-90/- ഈടാക്കേണ്ട വസ്തുനികുതി((വർദ്ധനവ് (വഴി സൗകര്യം)-20 %, ഇളവ്- മേൽക്കൂര- കുറഞ്ഞതരം 10 %) =363.76x90x1.1=36012/-<br><br>ലൈബ്രറി സെസ് 5% =1801/-<br><br>ആകെ-37813/-</td></tr>
<tr><td>2</td><td>8/134-C</td><td>30.31</td></tr>
<tr><td>3</td><td>8/134-D</td><td>30.31</td></tr>
<tr><td>4</td><td>8/134-E</td><td>30.31</td></tr>
<tr><td>5</td><td>8/134-F</td><td>30.31</td></tr>
<tr><td>6</td><td>8/134-G</td><td>30.31</td></tr>
<tr><td>7</td><td>8/134-H</td><td>30.31</td></tr>
<tr><td>8</td><td>8/134-I</td><td>30.31</td></tr>
<tr><td>9</td><td>8/134-A</td><td>121.28</td></tr>
</table>

ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 22076/- രൂപയുടെ കുറവുണ്ട്((37813-15737 =22076/-)

<u>III) കലിസ്റ്റ ഫോറസ്റ്റ് റിസോർട്ട്</u>

ഇന്റർനെറ്റിലും സ്ഥാപനത്തിന് അടുത്തുള്ള നാഷണൽ ഹൈവേയുടെ അരികിൽ വെച്ച ബോർഡിലും കലിസ്റ്റ ഫോറസ്റ്റ് റിസോർട്ട് എന്നാണ് സ്ഥാപനത്തിന്റെ പേര്. എന്നാൽ ഫോം – 6 പ്രകാരം ഈ സ്ഥാപനം ലോഡ്ജാണ്.

| | |
|---|---|
| കെട്ടിട ഉടമയുടെ പേര് | ജോസ്,കുമ്പിക്കൽ, വൽസ ,ചെമ്പകശ്ശേരി |
| കെട്ടിട നം. | 17/343-A മുതൽ C വരെ |

ഈ കെട്ടിടത്തിന് ഈടാക്കേണ്ട വസ്തുനികുതി ഇപ്രകാരമാണ്.

| ക്രമ നം. | നിർണ്ണയിച്ച വസ്തുനികുതി | | | | | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി |
|---|---|---|---|---|---|---|
| | കെട്ടിടനം& നില | തറ വിസ്തീർണ്ണം ($m^2$) | ഉപയോഗക്രമം/ അടിസ്ഥാന നിരക്ക് | ഇളവ്(നില)/ വർദ്ധനവ് (വഴി സൗകര്യം 20 %) | ലൈബ്രറി സെസ്(5%) | |
| 1 | 17/343 -A | 37.61 | ഫോം-6 പ്രകാരം ഭൂനിരപ്പ് നില- 112.83 ച.മി ഉപയോഗക്രമം -ലോഡ്ജ്. അടിസ്ഥാന നിരക്ക്-30/- രൂപ- വർദ്ധനവ്<br>(വഴി സൗകര്യം)- 20 %.<br>ലൈബ്രറിസെസ്-5 %.<br>നിർണ്ണയിച്ച വസ്തുനികുതി=3838/-<br>ലൈബ്രറിസെസ്-194/-<br>ആകെ-4032/- | | | ഭൂനിരപ്പ് നില- 112.83 ച.മി ഉപയോഗക്രമം -റിസോർട്ട്<br>ഈടാക്കേണ്ട വസ്തുനികുതി(വർദ്ധനവ്(വഴി സൗകര്യം)-20 %.=112.83 x90x1.2=12186/-<br>ലൈബ്രറി സെസ് 5% =609/-<br>ആകെ-12795/- |
| 2 | 17/343-B | 37.61 | | | | |
| 3 | 17/343-C | 37.61 | | | | |

ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 8943/- രൂപയുടെ കുറവുണ്ട് (12975-4032)

IV) ബാംബൂ ഗ്രൂവ്സ് റിസോർട്ട്

ഇന്റർനെറ്റിൽ ഈ സ്ഥാപനം ഒരു ടൂറിസ്റ്റ് റിസോർട്ടാണ്. എന്നാൽ ഫോം – 6 പ്രകാരം ഈ സ്ഥാപനം ലോഡ്ജാണ്.

| | |
|---|---|
| കെട്ടിട ഉടമയുടെ പേര് | യൂസഫ്,അബ്ദുൾ റഫീക്ക്,അബ്ദുൾഅസ്ലം |
| കെട്ടിട നം. | 14/343-A 14/257മുതൽ 274 വരെ |

| ക്രമനം | നിർണ്ണയിച്ച വസ്തുനികുതി | | | | | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി |
|---|---|---|---|---|---|---|
| | കെട്ടിടനം& നില | തറ വിസ്തീർണ്ണം ($m^2$) | ഉപയോഗക്രമം/ അടിസ്ഥാന നിരക്ക് | ഇളവ്(നില)/വർദ്ധനവ് (വഴി സൗകര്യം- 20 %) | ലൈബ്രറി സെസ് (5 %) | |
| 1 | 14/258 | 89 | ഫോം-6 പ്രകാരം കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം 638.28ച.മി ഉപയോഗക്രമം -ലോഡ്ജ്. അടിസ്ഥാന നിരക്ക്-30/- രൂപ -വർദ്ധനവ് (വഴി സൗകര്യം)-20 % ലൈബ്രറിസെസ്-5 %<br>നിർണ്ണയിച്ച വസ്തുനികുതി = 22877/-<br>ലൈബ്രറിസെസ്- 1148/-<br>ആകെ-24025/- | | | കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം $638.28m^2$. ഉപയോഗക്രമം -റിസോർട്ട്. ഈടാക്കേണ്ട വസ്തുനികുതി (വർദ്ധനവ് (വഴി സൗകര്യം)-20 %= 638.28 x90x1.2=68934/-<br>ലൈബ്രറി സെസ് 5%=3447/- |
| 2 | 14/259 | 34.33 | | | | |
| 3 | 14/260 | 34.33 | | | | |
| 4 | 14/261 | 34.33 | | | | |
| 5 | 14/262 | 34.33 | | | | |
| 6 | 14/263 | 34.33 | | | | |

| | | | | |
|---|---|---|---|---|
| 7 | 14/264 | 34.33 | | |
| 8 | 14/265 | 34.33 | | |
| 10 | 14/266 | 34.33 | | |
| 11 | 14/267 | 34.33 | | |
| 12 | 14/268 | 34.33 | | ആകെ-72381/- |
| 13 | 14/269 | 34.33 | | |
| 14 | 14/270 | 34.33 | | |
| 15 | 14/271 | 34.33 | | |
| 16 | 14/272 | 34.33 | | |
| 17 | 14/273 | 34.33 | | |

ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 48356/- രൂപയുടെ കുറവുണ്ട്(72381-24025).

V) ജംഗിൾ ഡേയ്സ് റിസോർട്ട്,നൂൽപ്പുഴ

ഇന്റർനെറ്റിലും 2016-17 ലെ ലോഡ്ജിംഗ് ലൈസൻസ് നല്കുന്നതുമായി ബന്ധപ്പെട്ട ഹെൽത്ത ഇൻസ്പെക്ടറുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റിലും ഈ സ്ഥാപനം റിസോർട്ടാണെങ്കിലും ഈ സ്ഥാപനത്തെ (കെട്ടിട നം.12/116-A-തറവിസ്തീർണ്ണം-78ച.മീ) ലോഡ്ജായാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ഈ കെട്ടിടത്തിന് നിലവിൽ നിർണ്ണയിച്ച വസ്തു നികുതി-2808/- ലൈബ്രറിസെസ്-141/- ആകെ 2949/-

എന്നാൽ യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി ഇപ്രകാരമാണ്.

ഉപയോഗക്രമം – റിസോർട്ട്
ഈടാക്കേണ്ട വസ്തുനികുതി (വർദ്ധനവ്, വഴി സൗകര്യം) 20% = 78x90x1.2 = 8424/-
ലൈബ്രറിസെസ്-5 % = 421/-

ആകെ 8845/-

ആയതിനാൽ ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 5896/- രൂപയുടെ കുറവുണ്ട്.

VI) വയനാട് നേച്ചർ റിസോർട്ട് പ്രൈവറ്റ് ലി.,കമ്പക്കോടി,നെൻമേനിക്കുന്ന്

22.08.2017 ന് നടത്തിയ സ്ഥലപരിശോധനയിൽ ഈ റിസോർട്ടിൽ രണ്ട്നിലയുള്ള ഒരു കോട്ടേജ്, ഒരു റസ്റ്റോറന്റ്, ഒരു ഓഫീസ് കെട്ടിടം, പില്ലറിൽ നിർമ്മിച്ച 10 കോട്ടേജുകൾ എന്നിവ കണ്ടു. എന്നാൽ പഞ്ചായത്തിന്റെ അസ്സ്മെന്റ് പ്രകാരം 10 കോട്ടേജുകൾക്ക് മാത്രമേ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളു. ഈ റിസോർട്ട് പുഴയോട് വളരെ അടുത്തായാണ് സ്ഥിതിചെയ്യുന്നത്. (പല കോട്ടേജുകളുമായും പുഴയിൽ നിന്ന് 5 മീറ്റർ അകലമേയുള്ളു). ഫോറം നം. 6 പ്രകാരം ഈ റിസോർട്ടിൽ 10 കോട്ടേജുകൾക്ക് നൽകിയ കെട്ടിട നമ്പറുകൾ 7/56-B മുതൽ K വരെയാണ്.

VII) തകരപ്പാടിയിലുള്ള പുത്തൻ പുതുമന വിജയകൃഷ്ണൻ നമ്പൂതിരിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ

ഈ പ്ലോട്ടിൽ 21.08.2017 ന് നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ, രണ്ട് കോട്ടേജുകൾ കണ്ടു.

1) രണ്ട് നിലയുള്ള കോട്ടേജ്-ഓരോ നിലയിലും ഓരോ ബെഡ്റൂമുകൾ

2) പില്ലറിൽ പണിഉയർത്തിയ കോട്ടേജ്-ഒന്നാം നിലയിൽ ഒരു ബെഡ്റൂം

ഈ കെട്ടിടങ്ങൾക്ക് പഞ്ചായത്ത് നമ്പർ നൽകിയിട്ടില്ല. മേൽ പരാമർശിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/16-17/ 23.08.17 ന് മറുപടി ലഭിച്ചില്ല. ആയതിനാൽ മേൽ റിസോർട്ടുകളിൽ വിശദമായ പരിശോധന നടത്തി പഞ്ചായത്തിന് നഷ്ടമായ വസ്തുനികുതി, കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സർച്ചാർജ്ജ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 2-3 റിസോർട്ടുകളുടെയും ഹോംസ്റ്റേകളുടെയും വസ്തുനികുതി പിരിവ് വിവരം ലഭ്യമാക്കിയില്ല.

താഴെപ്പറയുന്ന റിസോർട്ടുകൾ, ഹോംസ്റ്റേകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി പഞ്ചായത്തിലെ 2016-17 ലെ ലോഡ്ജിംഗ് ലൈസൻസ് രജിസ്റ്ററിൽ (ഇൻറർ നെറ്റിലും)പരിശോധിച്ചതിൽ കാണുന്നു.

| ക്രമ നം. | റിസോർട്ടിന്റെ പേര് |
|---|---|
| 1 | എമറാൾഡ് വൈൽഡ് വെസ്റ്റ് റിസോർട്ട് |
| 2 | ലേ കോഫീ റിസോർട്ട് |
| 3 | വൈറ്റ് ലില്ലി റിസോർട്ട് |
| 4 | കലിസ്റ്റ ഫോറസ്റ്റ് റിസോർട്ട്,മൂലങ്കാവ് |
| 5 | ഓർക്കിഡ് റിസോർട്ട് |
| 6 | എമറാൾഡ് വെസ്റ്റേൺഘട്ട് റിസോർട്ട്,മുത്തങ്ങ |
| 7 | ജംഗിൾഡേയ്സ് ഫാം റിസോർട്ട് |
| 8 | വയനാട് നാച്ചർ റിസോർട്ട്സ്,മുത്തങ്ങ |
| 9 | ബാംബൂ ഗ്രൂവ്സ് റിസോർട്ട്സ് |
| 10 | സിൽവർഗ്രീൻ റിസോർട്ട് |
| 11 | വയനാട് ഡ്രീംനെസ്റ്റ് റിസോർട്ട് |
| 12 | വയനാട് ഫോർട്ട് റിസോർട്ട്, മുത്തങ്ങ |
| 13 | ബാംബൂ ട്യൂൺസ് ഹോംസ്റ്റേ |
| 14 | വയനാട് നേച്ചർ ഗ്രീൻവില്ല |
| 15 | സ്വപ്നം ഹോംസ്റ്റേ |
| 16 | കപിൽസ് നേച്ചർ ഹോംസ്റ്റേ |

ആയതിന് വസ്തുനികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നമ്പർ 28/16-17/23.08.17 ന് മറുപടി ലഭിച്ചില്ല. മേൽ പ്രതിപാദിച്ച റിസോർട്ടുകളുടെയും ഹോം സ്റ്റേകളുടെയും വസ്തുനികുതി നിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-4 സ്വകാര്യഹോസ്റ്റൽ,ഹോംസ്റ്റേ, ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ എന്നിവയുടെ

## അടിസ്ഥാനവസ്തുനികുതി നിരക്ക് നിശ്ചയിച്ചില്ല.

സ.ഉ(അ)നം.36/2015/തസ്വഭവ തിയ്യതി 24/02/15 പ്രകാരം സ്വകാര്യഹോസ്റ്റൽ, ഹോംസ്റ്റേ എന്നിവയ്ക്ക് യഥാക്രമം 30/- രൂപയും,60/- രൂപയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവയ്ക്ക് യഥാക്രമം 3/- രൂപയും, 6/- രൂപയും മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്റ്റ് 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്ക് യഥാക്രമം 15/- രൂപയും, 25/- രൂപയും ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾക്ക് യഥാക്രമം 150/- രൂപയും, 160/- രൂപയുമാണ് കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാളിതുവരെയായിട്ടും നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് അടിസ്ഥാന വസ്തുനികുതി നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല. വിശദീകരണം നല്കേണ്ടതാണ്.

മുത്തങ്ങയിലെ വയനാട് നാച്ചർ റിസോർട്ട്സ്, വയനാട് ഡ്രീംനെസ്റ്റ് റിസോർട്ട് എന്നിവിടങ്ങളിൽ ആയർവേദ സുഖചികിത്സ സൗകര്യമുള്ളതായി ഇൻറർനെറ്റിൽ കാണുന്നു. എന്നാൽ ഈ റിസോർട്ടിൽ നിന്നും ബന്ധപ്പെട്ട നിരക്കിലുള്ള വസ്തുനികുതി ഈടാക്കുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 28/16-17/23.08.17 ന് മറുപടി ലഭിച്ചില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-5 വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി കുറവായി നിർണ്ണയിച്ചു

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടത്തിന്റെ അടിസ്ഥാനത്തിലുള്ള നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 121/2011 തിയ്യതി 02.06.2011 നം. തീരുമാന പ്രകാരം 100 $m^2$ ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 55/- രൂപയാണ്. എന്നാൽ ഇതിനു വിരുദ്ധമായി അടിസ്ഥാന നിരക്ക് 40/-രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടത്തിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

1)

| കെട്ടിട ഉടമയുടെ പേര് | സി. ജോർജ്ജ് ചെന്നമ്പിള്ളിൽ,മൂലങ്കാവ് |
|---|---|
| കെട്ടിടപെർമ്മിറ്റ് നം. | ബി.എ-34/14 തിയ്യതി 05.11.2014 |
| പൂർത്തീകരണപ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | ഭൂനിരപ്പ് നില- 117.86 ച.മി<br>ഒന്നാംനില- 126.79 ച.മീ.<br>ആകെ-244.65 ച.മീ. |

ഈ കെട്ടിടത്തിന് ഈടാക്കേണ്ട വസ്തുനികുതി ഇപ്രകാരമാണ്.

| ക്രമ നം. | നിർണ്ണയിച്ച വസ്തുനികുതി | | | | | ആകെ | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി |
|---|---|---|---|---|---|---|---|
| | കെട്ടിടനം& നില | തറ വിസ്തീർണ്ണം ($m^2$) | ഉപയോഗക്രമം/ അടിസ്ഥാന നിരക്ക് | ഇളവ്(നില)/ വർദ്ധനവ് (വഴി സൗകര്യം-20%) | ലൈബ്രറി സെസ്(5 %) | | |
| 1 | 4/33-A ഭൂനിരപ്പ് നില | 62.04 | ഭൂനിരപ്പ് നില- 117.86 ച.മി<br>ഉപയോഗക്രമം -ഷോപ്പ്.<br>അടിസ്ഥാന നിരക്ക്-40/- രൂപ-വർദ്ധനവ് (വഴി സൗകര്യം)-20 %. ലൈബ്രറിസെസ്-5 %.<br>നിർണ്ണയിച്ച വസ്തുനികുതി=5658/-<br>ലൈബ്രറിസെസ്-284/- | | | | പൂർത്തീകരണപ്ലാൻ പ്രകാരം ഭൂനിരപ്പ് നിലയുടെ - വിസ്തീർണ്ണം- 117.86 $m^2$ ഈടാക്കേണ്ട വസ്തുനികുതി(വർദ്ധനവ് (വഴി സൗകര്യം)-20 %= 117.86 x55x1.2=7779/- |

| | | | | |
|---|---|---|---|---|
| 2 | 4/33-B | 39.01 | ആകെ-5942/- | ലൈബ്രറി സെസ് 5% =389/-<br>ആകെ-8168/- |
| 3 | 4/33-C | 16.81 | | |
| 17 | 4/33-D | 30.24 | ഒന്നാംനില- ഉപയോഗക്രമം -ഷോപ്പ്.<br>തറ വിസ്തീർണ്ണം-126.79 ച.മി.<br>അടിസ്ഥാന നിരക്ക്-40/- രൂപ-<br>നിർണ്ണയിച്ച വസ്തുനികുതി= 5832/-<br>ലൈബ്രറിസെസ് 5%=292/-ആകെ-6124/- | പൂർത്തീകരണ പ്ലാൻ പ്രകാരം ഒന്നാംനിലയുടെ തറ വിസ്തീർണ്ണം=126.79 $m^2$<br>(വർദ്ധനവ്(വഴി സൗകര്യം)-20%,<br>ഈടാക്കേണ്ട വസ്തുനികുതി= 126.79x55x1.2=8368/-<br>നിലകളുടെ ഇളവ് 5% കഴിച്ചുള്ള വസ്തുനികുതി =7950/-<br>ലൈബ്രറി സെസ്സ് 5% =398/-<br>ആകെ-8348/- |
| 18 | 4/33-E | 18.05 | | |
| 19 | 4/33-F | 18.05 | | |
| 20 | 4/33-G | 24.35 | | |
| | 4/33-H | 18.05 | | |
| | 4/33-I | 18.05 | | |

ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 4450/-രൂപയുടെ (16516-12066) കുറവുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 27/16-17/23.08.17 ന് മറുപടി ലഭിച്ചില്ല. ഈ കെട്ടിടത്തിന് വസ്തുനികുതിയിനത്തിലും ലൈബ്രറിസെസ് ഇനത്തിലും കൂടി കുറവായി നിർണ്ണയിച്ച 4450/- രൂപ ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ച തീയതി മുതൽ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ചാർജ്ജ് നടപടിക്രമങ്ങൾ സ്വീകരിക്കുന്നതായിരിക്കും. ഇതുപോലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ വാണിജ്യ ആവശ്യത്തിന് ഉപയോഗിക്കുന്ന 100ച.മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള മുഴുവൻ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 മൊബൈൽ ടവ്വറുകളുടെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലെ ബി.എസ്എൻഎൽ,സ്വകാര്യ മൊബൈൽ ടവ്വറുകളെ സംബന്ധിച്ച് താഴെപ്പറയുന്ന വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നമ്പർ 25/16-17/ 23.08.17 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭിച്ചില്ല.

1. ഗ്രാമപഞ്ചായത്ത് പരിധിയിലെ ബി.എസ്.എൻ.എൽ,സ്വകാര്യ മൊബൈൽ ടവ്വറുകളുടെ കെട്ടിട നമ്പർ, തറ വിസ്തീർണ്ണം, നിർണ്ണയിച്ച വസ്തുനികുതി, നിലവിലെ വസ്തുനികുതി കുടിശ്ശിക(വർഷം തിരിച്ച്), കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് എന്നിവ ആവശ്യപ്പെട്ടുവെങ്കിലും ലഭിച്ചിട്ടില്ല. 22.08.2017 കാളൻകണ്ടി എന്ന സ്ഥലത്ത് നടത്തിയ സ്ഥലപരിശോധനയിൽ ബീക്കുട്ടി,അച്ചിപ്ര (കെട്ടിട നം.9/336) എന്നവരുടെ വീടിനോട് ചേർന്ന് ഐഡിയ, വോഡാഫോൺ എന്നീ കമ്പനികളുടെ ഓരോന്നുവീതം മൊബൈൽ ടവ്വറുകളും കല്ലൂർ ഫോർട്ട് റിസോർട്ടിന് എതിർവശത്തായി ബി.എസ്.എൻ.എൽ ന്റെ ഉടമസ്ഥതയിലുള്ള ഒരു ടവ്വറും കണ്ടു. ഈ ടവ്വറുകളുടെയും മേൽ പരാമർശിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതും വസ്തുനികുതി കുടിശ്ശികയുണ്ടെങ്കിൽ ആയത് പിരിച്ചെടുക്കാൻ നടപടിയെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-7 തനത് വരുമാനം 2016-17 കാലയളവിൽ രണ്ട് അക്കൗണ്ടിൽ അടവാക്കുന്നു.

സുൽത്താൻബത്തേരി സർവ്വീസ് സഹകരണ ബേങ്ക്, കല്ലൂർ ശാഖയിലും (അക്കൗണ്ട് നം.66) കേരള ഗ്രാമീൺ ബാങ്ക് കല്ലൂർ ശാഖയിലുമാണ് (അക്കൗണ്ട് നം. 40179100150357) 2016-17 കാലയളവിലെ തനത് വരുമാനം അടവാക്കുന്നത്. സർക്കുലർ നം.58725/എഫ്.എം3/2008/തസ്വഭവ തിയ്യതി 26.05.2011 പ്രകാരം തനത് വരുമാനം ഒറ്റ അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാവൂ. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 29/16-17/24.08.17 ന്

മറുപടി ലഭിച്ചില്ല. ആയതിനാൽ ഒരു അക്കൗണ്ട് ക്ലോസ് ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-8 കളക്ഷൻ ബാങ്കിൽ അടവാക്കിയിട്ടില്ല

ഡേ ബുക്ക് പ്രകാരമുള്ള 05.09.2016 ലെ 12726/-രൂപ, 06.09.2016 ലെ 2166/-രൂപ എന്നിങ്ങനെ കളക്ഷൻ ഉണ്ടെങ്കിലും ആയത് ബാങ്കിൽ അടവാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 29/16-17/ 24.08.17 ന് മറുപടി ലഭിച്ചില്ല. ആയതിനാൽ 14,892/- രൂപ ഈ ദിവസങ്ങളിൽ ക്യാഷ്യറുടെ ചുമതല വഹിച്ചവരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-9 കളക്ഷൻ അടവാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല

താഴെപ്പറയുന്ന കളക്ഷനുകൾ അടവാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

1. 28.06.16 ൽ സുൽത്താൻബത്തേരി സർവ്വീസ് സഹകരണ ബേങ്ക്, കല്ലൂർ ശാഖയിൽ അടവാക്കിയ 21,150/-രൂപ, കേരള ഗ്രാമീൺ ബാങ്ക് കല്ലൂർ ശാഖയിൽ അടവാക്കിയ 4,99827.50 രൂപ എന്നിവ എത് ഇനങ്ങളിലെ വരവാണെന്നതിന്റെ വിശദാംശങ്ങൾ.
2. 06.10.2016 ലെ ബി.ആർ.ജി.എഫ്. വരവായ 87,000/-രൂപ അടവാക്കിയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അസി. എഞ്ചിനീയർ രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

1. ക്യാഷ് ബുക്ക് തൃപ്തികരമായി എഴുതി സൂക്ഷിച്ചിട്ടില്ല. ദൈനംദിന ക്ലോസിംഗ് നടത്താതെ തുടർച്ചയായി എഴുതിയിരിക്കുന്നു.
2. ടെണ്ടർ ഫോറത്തിന്റെ വിതരണ വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിൽ നിന്നും ലഭിച്ച ടെണ്ടർ ഫോറങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെയും വിതരണം നടത്തിയതിന്റെയും രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.
3. മരാമത്ത് ഫയലുകൾ യഥാവിധം പൂർത്തീകരിച്ച് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.അതിനാൽ തൃപ്തികരമായ ഓഡിറ്റ് നടത്തുന്നതിന് ബുദ്ധിമുട്ടനുഭവപ്പെട്ടു.
4. ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികളിൽ ബാങ്ക് അക്കൗണ്ടുകൾ,മിനിട്സ് ബുക്ക് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്തൃസമിതിയുടെ ചെലവ് രേഖകൾ തൃപ്തികരമായി സൂക്ഷിച്ചിട്ടില്ല. കല്ല്, മെറ്റൽ മുതലായ മെറ്റീരിയലുകൾ വാങ്ങിയതിന്റെ ബില്ലുകൾ ഫയലിൽ ഇല്ല.
5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. അതിനാൽ ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ പ്രവൃത്തികൾ ആസ്തിയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല.

അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/16-17/22.08.2017) അസി.എഞ്ചിനീയർ നൽകിയ മറുപടിയിൽ രേഖകളും ഫയലുകളും തൃപ്തികരമാംവിധം പൂർത്തീകരിക്കുന്നതാണെന്നും, ഭാവിയിൽ മേൽ പരാമർശിച്ച പോരായ്മകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രേഖകൾ പൂർത്തീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 മൂലവയൽ - വെളുതൊണ്ടി റോഡ് ഡ്രെയിനേജ് ,കലുങ്ക് പ്രവൃത്തി - ടെണ്ടർ തിരുത്തിയതിനാൽ അധികച്ചെലവ്

| | |
|---|---|
| പ്രോജക്റ്റ് നം. | 301/16 |
| അടങ്കൽ | 2,00,000/- |
| ചെലവ് | 1,75,600/- (ട്രഷറി ബിൽ നം.23/16-17/31.12.2016) |
| എം.ബുക്ക് നം | 19/15-16 (പേജ്-1 മുതൽ 15വരെ) |
| കരാറുകാരൻ | എം.നാരായണൻകുട്ടി(22% കുറവ്) |

ഈ വർക്കിനായി 3 ടെണ്ടറുകൾ ലഭിച്ചിട്ടുണ്ട്. വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ടെണ്ടററുടെ പേര് | ക്വാട്ട് ചെയ്ത നിരക്ക് | കുറിപ്പുകൾ |
|---|---|---|---|
| 1 | എൻ. കെ. മുസ്തഫ | 8.5% കുറവ് | |
| 2 | എം. നാരായണൻകുട്ടി | 22% കുറവ് | നിരക്ക് തിരുത്തൽ വരുത്തി 12.2% എന്നാക്കി മാറ്റി. |
| 3 | ഹുസൈൻ | 10.7% കുറവ് | |

മേൽ ക്രമ നം.2 പ്രകാരം ലഭിച്ച ടെണ്ടറിൽ 22% കുറവ് എന്നാണ് യഥാർത്ഥത്തിൽ ക്വാട്ട് ചെയ്തിട്ടുള്ളത്. ടെണ്ടർ ഫോറത്തിൽ കരാറുകാരൻ നിരക്ക് ക്വാട്ട് ചെയ്യുന്ന ഭാഗത്തുനിന്നും ഇത് വ്യക്തമാണ്. എന്നാൽ ടെണ്ടർ ഫോറത്തിൽ ഓഫീസ് ഉപയോഗത്തിനുള്ള ഭാഗത്ത് നിരക്ക് 12.2% എന്നാക്കി മാറ്റിയെഴുതിയിട്ടുണ്ട്. അതനുസരിച്ച് ബിൽ തുക നല്കുകയും അധിക ചെലവ് ഉണ്ടായിട്ടുമുണ്ട്. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ മൂല്യനിർണ്ണയം | 2,00,000/- |
| ടെണ്ടർ കുറവ് വരുത്തിയ തുക | 12.2% - 24,400/- |
| അനുവദിച്ച ബിൽ തുക | 1,75,600/- |
| കുറവ് വരുത്തേണ്ടിയിരുന്ന തുക | 22% - 44,000/- |
| അധികം നല്കിയത് | (44,000 – 24,400) - 19,600/- |

അപാകതകൾ വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/16-17/22.8.2017) അസി.എഞ്ചിനീയർ 23.8.2017ന് നല്കിയ മറുപടിയിൽ ടെണ്ടർ ഫോറത്തിൽ നിരക്ക് എടുത്തെഴുതിയപ്പോൾ ഉണ്ടായ ക്ലെറിക്കൽ എറർ നിമിത്തമാണ് അപാകത സംഭവിച്ചതെന്നും അധികമായി നല്കിയ തുക ഉടൻ തന്നെ തിരിച്ചുപിടിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധികമായി നല്കിയ തുക 19,600/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-3 ഗുണഭോക്തൃസമിതിയുടെ ചെലവ് രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

ഓഡിറ്റിന് ഹാജരാക്കിയ മരാമത്ത് ഫയലുകളിൽ ഗുണഭോക്തൃസമിതിയുടെ ചെലവ് രേഖകൾ തൃപ്തികരമായി സൂക്ഷിച്ചിട്ടില്ല. ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികളിൽ ബാങ്ക് അക്കൗണ്ടുകൾ, മിനിട്സ് ബുക്ക് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കല്ല്, മെറ്റൽ മുതലായ മെറ്റീരിയലുകൾ വാങ്ങിയതിന്റെ ബില്ലുകൾ ഫയലിൽ ഇല്ല. ഇത്തരത്തിലുള്ള രണ്ട് പ്രവൃത്തികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. മുത്തങ്ങ -രാമ്പള്ളി റോഡ് മെറ്റലിംഗ്, ടാറിംഗ്.

ട്രഷറി ബിൽ നം.30/16-17/9.3.17 445000/- രൂപ.

കൺവീനർ - മഹേഷ് കുമാർ

ഈ പ്രവൃത്തിയ്ക്കായി കല്ല്, മെറ്റൽ മുതലായ മെറ്റീരിയലുകൾ വാങ്ങിയതിനായി -(72000+144000+88000) 304000/- രൂപ ചെലവഴിച്ചു. എന്നാൽ സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ ഫയലിൽ ഇല്ല. വില കൈപ്പറ്റിയതിന്റെ കൈപ്പറ്റ് മാത്രമാണ് ഫയലിൽ ഉള്ളത് (ശ്രീ.ഇ.പി. ഗംഗാധരൻ, എടപ്പാട്ട്(വീട്), നൂൽപ്പുഴ – എന്നയാൾ). ഇദ്ദേഹം ഈ മെറ്റീരിയലുകളുടെ അംഗീകൃത വിതരണക്കാരനാണോയെന്നും, ഈ ഇടപാടുകൾക്ക് വാറ്റ് അടച്ച ബില്ല് നല്കിയിട്ടുണ്ടോയെന്നും രേഖകളുടെ അഭാവത്തിൽ വ്യക്തമാകുന്നില്ല.

അതുപോലെ വർക്കിനായി 14 ബാരൽ ടാർ 73104/- രൂപയ്ക്ക് നല്കിയത് ശ്രീ.എം.നാരായണൻകുട്ടി, മേലേത്ത് (വീട്), നായ്ക്കട്ടി പി.ഒ. - എന്നയാളാണ്. സിഡ്കോയിൽ നിന്നും തന്റെ ആവശ്യത്തിന് വാങ്ങിയിരുന്ന (ബിൽ നം.16132) ടാറിൽ നിന്നും നല്കിയതായാണ് അദ്ദേഹം നല്കിയ കൈപ്പറ്റ് ചീട്ടിൽ പരാമർശിക്കുന്നത്. എന്നാൽ ഈ വിതരണക്കാരൻ പഞ്ചായത്തിലെ മറ്റ് ടാറിംഗ് വർക്കുകൾ ഏറ്റെടുത്തിട്ടുള്ള കരാറുകാരനാണ്. അതിനാൽ മേൽ ബില്ല് പ്രകാരമുള്ള ടാർ ഏത് വർക്കിനാണ്/ വർക്കുകൾക്കാണ് വിനിയോഗിച്ചത് എന്ന് വ്യക്തമല്ല. കൂടാതെ വർക്ക് ബില്ലിൽ നിന്നും കാലി ബാരൽ വില ഈടാക്കിയതായും കാണുന്നില്ല.

2. മുത്തങ്ങ – മേലേമൂല റോഡ് മെറ്റലിംഗ് , ടാറിംഗ്.

ട്രഷറി ബിൽ നം.9/16-17/21.11.16 410,000/- രൂപ.

ട്രഷറി ബിൽ നം.21/16-17/31.12.16 25,000/- രൂപ.

കൺവീനർ - മഹേഷ് കുമാർ

ഈ പ്രവൃത്തിയ്ക്കായി കല്ല്, മെറ്റൽ മുതലായ മെറ്റീരിയലുകൾ വാങ്ങിയതിനായി (48000+144000+80000) 2,72,000/- രൂപ ചെലവഴിച്ചു. എന്നാൽ സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ ഫയലിൽ ഇല്ല. വില കൈപ്പറ്റിയതിന്റെ കൈപ്പറ്റ് മാത്രമാണ് ഫയലിൽ ഉള്ളത് (ശ്രീ.പി.കെ. സതീശൻ, കുളവനാൽ(വീട്), ബത്തേരി – എന്നയാൾ). ഇദ്ദേഹം ഈ മെറ്റീരിയലുകളുടെ അംഗീകൃത വിതരണക്കാരനാണോയെന്നും, ഈ ഇടപാടുകൾക്ക് വാറ്റ് അടച്ച ബില്ല് നല്കിയിട്ടുണ്ടോ എന്നും രേഖകളുടെ അഭാവത്തിൽ വ്യക്തമാകുന്നില്ല.

അതുപോലെ പ്രവൃത്തിയ്ക്കായി 13 ബാരൽ ടാർ 67,882/- രൂപയ്ക്ക് നല്കിയത് ശ്രീ.എം.നാരായണൻകുട്ടി, മേലേത്ത് (വീട്), നായ്ക്കട്ടി പി.ഒ. - എന്നയാളാണ്. സിഡ്കോയിൽ നിന്നും തന്റെ ആവശ്യത്തിന് വാങ്ങിയിയിരുന്ന (ബിൽ നം.16132) ടാറിൽ നിന്നും നല്കിയതായാണ് അദ്ദേഹം നല്കിയ കൈപ്പറ്റ് ചീട്ടിൽ പരാമർശിക്കുന്നത്. എന്നാൽഈ വിതരണക്കാരൻ പഞ്ചായത്തിലെ മറ്റ് ടാറിംഗ് വർക്കുകൾഏറ്റെടുത്തിട്ടുള്ള കരാറുകാരനാണ്. അതിനാൽ മേൽ ബില്ല് പ്രകാരമുള്ള ടാർ ഏത് വർക്കിനാണ്/വർക്കുകൾക്കാണ് വിനിയോഗിച്ചത്എന്ന് വ്യക്തമല്ല. കൂടാതെ വർക്ക്ബില്ലിൽ നിന്നും കാലിബാരൽ വില ഈടാക്കിയതായും കാണുന്നില്ല.

അപാകതകൾ വിശദീകരിക്കണമെന്നും, ബന്ധപ്പെട്ട രേഖകളുണ്ടെങ്കിൽ ഓഡിറ്റിൽ ഹാജരാക്കണമെന്നും ഓഡിറ്റ് എൻക്വയറി നം.17/16-17/23.08.2017 മുഖേന ആവശ്യപ്പെട്ടിരുന്നു. ആയതിന് അസി. എഞ്ചിനീയർ നല്കിയ മറുപടിയിൽ താഴെപ്പറയുന്ന കാര്യങ്ങളാണുള്ളത്.

1. ക്വാറികളിൽ നിന്നും, ക്രഷറിൽ നിന്നും പലപ്പോഴും യഥാർത്ഥത ബില്ലുകൾ ലഭ്യമാകാറില്ല എന്നും അതിനാലാണ് വൗച്ചർ സമർപ്പിച്ചിരിക്കുന്നത് എന്നുമാണ് കൺവീനർ അറിയിച്ചത് ' എന്നാണ്. സാധനങ്ങൾവാങ്ങുന്ന/വിൽക്കുന്ന സന്ദർഭത്തിൽ നിയമപ്രകാരമുള്ള ബില്ല് ലഭിക്കുന്നില്ല/കൊടുക്കുന്നില്ല എന്നത് ശരിയായ നടപടിയല്ല. അതിനാൽ മേൽ വർക്കുകളിലേക്കായി മെറ്റീരിയൽ വാങ്ങിയതിന്റെ വിവരങ്ങൾ വാണിജ്യനികുതി വകുപ്പിന്റെ പരിശോധനക്ക് വിധേയമാക്കി സർക്കാരിന് നികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.
2. പ്രവൃത്തികൾക്ക് ടാർ വാങ്ങിയത് മേൽപ്പരാമർശിച്ച ആളുടെ പക്കൽ നിന്ന് വാങ്ങിയതായാണ് കാണിച്ചിരിക്കുന്നത്. പ്രവൃത്തിയുടെ നിർവ്വഹണ ഘട്ടത്തിൽ സേവനമനുഷ്ഠിച്ച അസി. എഞ്ചിനീയറിൽ നിന്നും വിശദവിവരങ്ങൾ ശേഖരിച്ച് കാലതാമസം കൂടാതെ വിശദമായ മറുപടി നല്കുന്നതാണ്'' എന്നാണ്. ഈ വിതരണക്കാരൻ പഞ്ചായത്തിലെ മറ്റ് ടാറിംഗ് വർക്കുകൾ ഏറ്റെടുത്തിട്ടുള്ള കരാറുകാരനാണ്. അതിനാൽ മേൽ ബില്ല് പ്രകാരമുള്ള ടാർ ഏത് വർക്കിനാണ്/ വർക്കുകൾക്കാണ് വിനിയോഗിച്ചത് എന്നും ടിയാൾ ഏറ്റെടുത്ത മറ്റ് വർക്കുകൾക്ക് ഉപയോഗിക്കാനായി വാങ്ങിയ ടാർ ഏതാണെന്നും പരിശോധിച്ച് അപാകതകളില്ല എന്നുറപ്പാക്കേണ്ടതും വിശദവിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

ഒഴിഞ്ഞ ബാരലുകളുടെ വില ഈടാക്കാത്തത് സംബന്ധിച്ച് മറുപടിയൊന്നും നല്കിയിട്ടില്ല. ഈ വർക്കുകളിൽ ഉപയോഗിച്ച (14+13) 27 ഒഴിഞ്ഞ ബാരലുകളുടെ വില ഈടാക്കാത്തതിനാൽ 27x238=6426 രൂപ (ആയതിൻമേലുള്ള നികുതിയും) അധികമായി നൽകിയത് ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-4 തൊഴിലാളി ക്ഷേമനിധി വിഹിതം അടച്ചത്-കൈപ്പറ്റ് വിവരം ഇല്ല.

അസി.എഞ്ചിനീയർ തൻവർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ഈടാക്കിയ തൊഴിലാളി ക്ഷേമനിധി വിഹിതം അടച്ചത് കേരള സംസ്ഥാന തൊഴിലാളിക്ഷേമനിധി ബോർഡിൽ കൈപ്പറ്റിയതായി രേഖകളില്ല. തൻവർഷം തൊഴിലാളിക്ഷേമനിധി വിഹിതം ട്രഷറിയിൽ നിന്നും പിൻവലിച്ച് ഡി.ഡി.മുഖേന ഒടുക്കുകയും, സാമ്പത്തിക വർഷാവസാനകാലത്ത് ട്രഷറിയിൽ നിന്നും നേരിട്ട് ട്രാൻസ്ഫർ ക്രെഡിറ്റായി നല്കുകയും ചെയ്തിട്ടുണ്ട്. അസി.എഞ്ചിനീയർ ഓഡിറ്റിന് നല്കിയ വിവരങ്ങൾ പ്രകാരം തുക അടച്ചത് താഴെപ്പറയും പ്രകാരമാണ്.

| ക്രമ നം. | കത്ത് നം./തിയ്യതി | അയച്ച ഡി.ഡി.കളുടെ | ആകെ തുക |
|---|---|---|---|

| | | എണ്ണം | |
|---|---|---|---|
| 1 | എ.ഇ./എൽ.എസ്.ജി.ഡി./ക്ഷേമനിധി/ എൻ.എൽ.പി./01/16 /21.12.16 | 10 | 28368 |
| 2 | എ.ഇ./എൽ.എസ്.ജി.ഡി./ക്ഷേമനിധി/ എൻ.എൽ.പി./02/17 /20.1.17 | 12 | 38990 |
| 3 | എ.ഇ./എൽ.എസ്.ജി.ഡി/ 485/16-17/ 24.4.17 | ട്രാൻസ്ഫർ ക്രെഡിറ്റ് | 76874 |
| ആകെ | | | 144232 |

ക്യാഷ്ബുക്കിൽ ഓരോ വർക്കിന്റെയും പേമെന്റ് രേഖപ്പെടുത്തുന്നിടത്ത് കൺവീനർ/കരാറുകാരന് നല്കുന്ന തുകയും വിവിധ നികുതികളും ചെലവായി ഇനംതിരിച്ച് രേഖപ്പെടുത്തുന്നുണ്ടെങ്കിലും, തൊഴിലാളി ക്ഷേമനിധി വിഹിതം ക്ഷേമനിധി ബോർഡ് കൈപ്പറ്റിയതിന്റെ രേഖകൾ ഒരു ഫയലിലും ഇല്ല.

അപാകതകൾ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/16-17/22.8.2017) അസി.എഞ്ചിനീയർ 23.8.17 ന് നല്കിയ മറുപടിയിൽ ഡി.ഡി.കൾ മേൽപ്രകാരം അയയ്ക്കുകയും കൈപ്പറ്റ് രശീതി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലും കൈപ്പറ്റ് രശീതി ഇതുവരെ ലഭിച്ചിട്ടില്ല എന്നറിയിച്ചു. രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-5 കണ്ണംകോട് നവോദയ ക്ലബ്ബ് കെട്ടിടം മെയിന്റനൻസ്-സംബന്ധിച്ച്.

| | |
|---|---|
| പ്രോജക്ട് നം | 408/16 |
| അടങ്കൽ | 60000 |
| അളവ് പുസ്തകം | 116/15-16 (പേജുകൾ 1 മുതൽ 13 വരെ) |
| ട്രഷറി ബിൽ നം. | 51/16-17/31.03.2017 – 58129/- രൂപ |
| കരാറുകാരൻ | അജമാളൻ എം.എൻ- എസ്റ്റിമേറ്റ് നിരക്ക് |

മേൽ പ്രകാരം കണ്ണംകോട് നവോദയ ക്ലബ്ബ് കെട്ടിടം മെയിന്റനൻസ് നടത്തിയിട്ടുണ്ട്. പഞ്ചായത്ത് ഉടമസ്ഥതയിലുള്ളതാണോ എന്ന് വ്യക്തമല്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ളതാണോയെന്നും, ഉടമസ്ഥതയിലുള്ളതല്ലെങ്കിൽ മെയിന്റനൻസ് നടത്തിയത് പ്രത്യേക അനുമതി പ്രകാരമാണോ എന്ന് വ്യക്തമാക്കണമെന്നും ഓഡിറ്റ് എൻക്വയറി.നം. 14/16-17/22.8.2017 മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടിയൊന്നും നല്കിയിട്ടില്ല.

രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതും, അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതുമാണ്. ചെലവ് തുക 58,129/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 3-6 പൗരാവകാശ രേഖ തയ്യാറാക്കൽ - നഷ്ടം 62640/- രൂപ

| പ്രോജക്റ്റ് പേര്/നമ്പർ | അടങ്കൽ | ചെലവ് വിവരം | |
|---|---|---|---|
| | | ബിൽ നമ്പർ/ചെക്ക് നമ്പർ/തീയതി | തുക |
| പൗരാവകാശ രേഖ തയ്യാറാക്കൽ S0229/17 | 200000 (വികസന ഫണ്ട്- ജനറൽ) | 27/16-17/31.03.2017 | 108000 |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ, സുൽത്താൻ ബത്തേരിയിലുള്ള മഹാത്മജി മെമ്മോറിയൽ പ്രിന്റിംഗ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പൗരാവകാശ രേഖയുടെ 3000 കോപ്പി പ്രിന്റ് ചെയ്ത വകയിൽ 1,08,000/- രൂപ നൽകിയിട്ടുണ്ട് (ബിൽ നമ്പർ. 5781/28.03.2017). ടെണ്ടർ നടപടി ക്രമങ്ങൾ സ്വീകരിക്കാതെയാണ് മഹാത്മജി മെമ്മോറിയൽ പ്രിന്റിംഗ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പൗരാവകാശ രേഖയുടെ പ്രിന്റിംഗ് ജോലി നൽകിയിരിക്കുന്നത്. ഒരു കോപ്പി അച്ചടിക്കുന്നതിന് 36/- രൂപയാണ് നൽകിയിരിക്കുന്നത്(3000x36=108000). ഓഡിറ്റ് എൻക്വയറി (നം.5/18.08.2017) വഴി പൗരാവകാശരേഖ കോപ്പിയും വിതരണം ചെയ്തതിന്റെ വിശദ വിവരങ്ങളും ആവശ്യപ്പെട്ടപ്പോഴാണ് പൗരാവകാശ രേഖയുടെ പ്രിന്റിങ് തുടങ്ങുന്നത്. 22-08-2017-ാം തീയതി ഓഡിറ്റ് നടത്തിയ സ്റ്റോക്ക് പരിശോധനയിൽ 1210 പൗരാവകാശ രേഖ (പുതിയതായി പ്രിന്റ് ചെയ്തത് 64 പേജുകൾ) ബോധ്യപ്പെട്ടിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ

പൗരാവകാശ രേഖയിൽ എത്രയെണ്ണം അച്ചടിച്ചിട്ടുണ്ട് എന്ന് പ്രസ്സ് വ്യക്തമാക്കിയിട്ടില്ല. 22/08/2017 ന് 1260 പൗരാവകാശ രേഖകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. 50 പൗരാവകാശ രേഖ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി 1740 പൗരാവകാശ രേഖകൾ ഇതു വരെ അച്ചടിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി(നമ്പർ. 24/23.08.2107)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പൗരാവകാശ രേഖകൾ അച്ചടിക്കാതെ പണം നൽകിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 1740 പൗരാവകാശ രേഖകൾ അച്ചടിക്കുവാൻ ചെലവഴിച്ച 62,640/- രൂപ ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കാതെ ചെലവഴിച്ച 45,360/- രൂപ തടസ്സം ചെയ്യുന്നു.

## 3-7 വിവിധ പദ്ധതികൾ - നിർവ്വഹണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിൽ മറ്റ് ഡിപ്പാർട്ടുമെന്റുകൾക്ക്/ഏജൻസികൾക്ക് പണം കൈമാറിയിട്ടുട്ടെങ്കിലും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് പേര്/നമ്പർ | അടങ്കൽ | ചെലവ് വിവരം | |
|---|---|---|---|---|
| | | | ബിൽ നമ്പർ/ചെക്ക് നമ്പർ/തീയതി | തുക |
| 1 | സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം നൽകൽ S0206/17 | 500000.00 (വികസന ഫണ്ട്-ജനറൽ) | 16/16-17 /14.03.2017 | 500000.00 |
| 2 | ഐ.കെ.എം. പഞ്ചായത്ത് വിഹിതം നൽകൽ S0108/17 | 152510.00 (വികസന ഫണ്ട്-ജനറൽ) | 25/16-17 /30.03.2017 | 152510.00 |
| | | | മൊത്തം | 652510.00 |

പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 652510.00 രൂപ തടസ്സം ചെയ്യുന്നു.

## 3-8 തനത് ഫണ്ട് - തിരിച്ച് പിടിച്ചിട്ടില്ല.

എം.ജി.എൻ.ആർ.ജി.എ. യിൽ ശമ്പളം നൽകാൻ വേണ്ടി തനത്ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തുക ഇതുവരെ തനത് ഫണ്ടിലേക്ക് തിരികെ ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| തനത് ഫണ്ടിൽ നിന്നും നൽകിയ തുക | ചെക്ക് നമ്പർ/തീയതി |
|---|---|
| 120500.00 | 158648/01.12.2016 |
| 85500.00 | 207407/03.03.2017 |
| മൊത്തം - 206000.00 | |

മേൽ തുക തനത്ഫണ്ടിലേക്ക് തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 3-9 ടി.എസ്.പി ഫണ്ട് ചെലവഴിച്ചിട്ടില്ല.

2016-2017 ൽ വികസനഫണ്ട് (ടി.എസ്.പി) ഇനത്തിൽ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന് 2,73,49,545/- രൂപ വരവുണ്ട്(അലോട്ട്മെന്റ്). എന്നാൽ, ചെലവഴിച്ചിട്ടുള്ളത് 1,57,32,847/- രൂപ മാത്രമാണ്(57.5%). ടി.ഇ.ഒ. ക്ക്

നിർവ്വഹണം നടത്താൻ നിർദ്ദേശിച്ച രണ്ട് പ്രൊജക്റ്റുകളിൽ, സ്പിൽ ഓവർ പ്രൊജക്റ്റായ എസ്.സി. ഭവന നിർമ്മാണത്തിനു വേണ്ടി 4,10,000/- (അടങ്കൽ 612500/-) രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 21,29,788/- രൂപ വകയിരുത്തിയ സമ്പൂർണ്ണ വൈദ്യുതീകരണം (എസ്.സി. വീട്) എന്ന പ്രൊജക്റ്റിൽ പണമൊന്നും ചെലവഴിച്ചിട്ടില്ല. ടി.ഇ.ഒ. യുടെ ആകെ ചെലവ് ശതമാനം വെറും 14.95 ശതമാനം മാത്രമാണ്.

പ്രസ്തുത അപാകത സംബന്ധിച്ച്, ഓഡിറ്റ് എന്ക്വയറിക്ക് ടി.ഇ.ഒ നൽകിയ മറുപടിയിൽ, സർക്കാർ ഉത്തരവ് പ്രകാരം (സ.ഉ.(എം.എസ്) നമ്പർ 59/2014/ത.സ്വ.ഭ.വ/22.03.2014) എസ്.റ്റി. പദ്ധതികളുടെ നിർവ്വഹണോദ്യഗസ്ഥർ അസിസ്റ്റന്റ് സെക്രട്ടറിമാർ ആയിരിക്കുമെന്നും, ആയത് സൂചിപ്പിച്ച് 30.03.2017- ന് സെക്രട്ടറിക്ക് നിർവ്വഹണ ചുമതലയിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നല്കിയിരുന്നെന്നും, അതിനാലാണ് പ്രസ്തുത പ്രൊജക്റ്റ് നടപ്പിലാക്കാതിരുന്നതെന്നും വിശദീകരിച്ചിട്ടുണ്ട്.

എന്നാൽ പ്രസ്തുത വിഷയത്തിൽ ഭരണസമിതിയോ, സെക്രട്ടറിയോ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. കേരളത്തിൽ തന്നെ ഏറ്റവും കൂടുതൽ എസ്.റ്റി ജനസംഖ്യ ഉള്ള നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിൽ ടി.എസ്.പി. ഫണ്ട് ലാപ്സാക്കിയത് ഉചിതമായില്ല.

മേൽ വിഷയത്തിൽ വിശദീകരണം നല്കുകയും, നൂൽപ്പുഴഗ്രാമ പഞ്ചായത്തിൽ നിലവിൽ എത്ര എസ്.സി. വീടുകൾ വൈദ്യുതീകരിക്കാൻ ബാക്കിയുണ്ടെന്നും അറിയിക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-10 സാഫല്യം ഭവന പദ്ധതി - ലോൺ തിരിച്ചടവ്- അപാകതകൾ

| പ്രോജക്റ്റ് പേര്/നമ്പർ | അടങ്കൽ | ചെലവ് വിവരം | |
|---|---|---|---|
| | | ബിൽ നമ്പർ/ചെക്ക് നമ്പർ/തീയതി | തുക |
| സാഫല്യം ഭവനപദ്ധതി ലോൺ തിരിച്ചടവ്- S0107/17 | 1985000.00 (വികസന ഫണ്ട്-ജനറൽ) 600000.00 (തനത് ഫണ്ട്) | 12/16-17/29.12.2016 | 1985000.00 |

സെക്രട്ടറി നിർവ്വണം നടത്തിയ, മേൽ പ്രോജക്റ്റിൽ, താഴെ പറയുന്ന അപാകതകൾ ഉണ്ട്.

ലോൺ രജിസ്റ്റർ പൂർത്തിയാക്കി സൂക്ഷിക്കാത്തതിനാൽ, മുതൽ, പലിശ എന്നിവ എത്ര തിരിച്ചടച്ചു, അടക്കാൻ ബാക്കിയുള്ളത് എത്ര തുകയാണ് എന്ന വിവരമൊന്നും പഞ്ചായത്തിൽ ലഭ്യമല്ല. വയനാട് ജില്ല സഹകരണ ബാങ്ക്, ബത്തേരി ബ്രാഞ്ച് നല്കുന്ന വിവരം അനുസരിച്ച് ലോൺ അടച്ചു വരികയാണ്. ഓഡിറ്റ് എൻക്വയറിക്ക് (നം:8/18.8.17) നൽകിയ മറുപടി പ്രകാരം ലോൺ രജിസ്റ്റർ തയ്യാറാക്കി സമർപ്പിക്കാമെന്നാണ് അറിയിച്ചത്. ലോൺ അക്കൗണ്ട് തുടങ്ങിയത് മുതലുള്ള ബാങ്ക് സ്റ്റേറ്റ്മെന്റും ലോൺ തിരിച്ചടവിന്റെ മുഴുവൻ വിവരങ്ങളും രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 3-11 എസ്.റ്റി. വീട് - പണി പൂർത്തീകരിച്ചിട്ടില്ല

2016-2017 വർഷങ്ങളിൽ ടി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്.റ്റി. ഭവന നിർമ്മാണ പ്രോജക്റ്റിൽ (പ്രോജക്റ്റ് നമ്പർ : S0069/17) ധനസഹായം കൈപ്പറ്റിയ ചുവടെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | കൊടുത്ത വർഷം | പൂർത്തിയായ സ്റ്റേജ് | ബാക്കി അനുവദിക്കേണ്ട തുക |
|---|---|---|---|---|
| പുഷ്പ രാജു, വടക്കനാട് | 37500.00<br>180000.00 | 2013-2014<br>2016-2017 | കോൺക്രീറ്റ് കഴിഞ്ഞു. | 32500.00 |
| വസന്ത ചന്ദ്രൻ, കിടങ്ങനാട് | 37500.00<br>150000.00 | 2013-2014<br>2016-2017 | --ടി-- | 62500.00 |

| | | | | |
|---|---|---|---|---|
| ശാന്ത ബാബു, കിടങ്ങനാട് | 37500.00<br>180000.00 | 2013-2014<br>2016-2017 | --ടി-- | 32500.00 |
| രാധ അപ്പു, കിടങ്ങനാട് | 37500.00 | 2013-2014 | --ടി-- | 212500.00 |

വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-12 തുടർ സാക്ഷരത- അനുമതിയില്ലാത്ത ഇനങ്ങൾക്ക് തുക ചെലവഴിച്ചു.

പാർശ്വവൽക്കരിക്കപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനും വിദ്യാഭ്യാസ നിലവാരത്തിൽ തുല്യത ഉറപ്പാക്കുന്നതിനും 4,7,10,പ്ലസ് വൺ എന്നീ ക്ലാസ്സുകളിലെ തുല്യത പരീക്ഷ നടത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | S-91/17 |
| പ്രോജക്ട് | തുടർ സാക്ഷരത |
| അടങ്കൽ | 2,00,000/- (വികസന ഫണ്ട്-പൊതു വിഭാഗം) |
| ചെലവ് | 2,00,000/- |
| ബിൽ നം | 04/16-17/14.03.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് 4,7,10 ാം തരം, പ്ലസ് വൺ ക്ലാസ്സുകളിലെ തുല്യത പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുക, ഇൻസ്ട്രക്ടർമാർക്ക് ഹോണറേറിയം നൽകുക, പരീക്ഷാ ഫീസ് നൽകുക,കോഴ്സ് ഫീസ് നൽകുക എന്നിവ നടപ്പാക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ചെലവഴിച്ച തുകയുടെ വിവരം ഇപ്രകാരമാണ്.

| ക്രമ നം | ഇനം | ചെലവഴിച്ച തുക |
|---|---|---|
| 1 | ലഘുഭക്ഷണ ചെലവ് | 17,550 |
| 2 | ഇൻസ്ട്രക്ടർമാർക്ക് ഹോണറേറിയം | 1,62,090 |
| 3 | സ്റ്റേഷനറി | 8,460 |
| 4 | പാഠപുസ്തകം,കോഴ്സ് ഫീസ് (സാക്ഷരത മിഷന് നൽകിയത്) | 11,900 |
| ആകെ | | 2,00,000 |

സ.ഉ(എം.എസ്).4/2016/ത.സ്വ.ഭ.വ/11.01.2016 ഖണ്ഡിക 11.6(vii) പ്രകാരം വിവിധ ക്ലാസ്സുകളിലെ പരീക്ഷ എഴുതുന്നവർക്ക് കേരള സംസ്ഥാന സാക്ഷരത മിഷൻ നൽകുന്ന പാഠപുസ്തകങ്ങളുടെ വിലയും കോഴ്സ് ഫീസും അനുവദിക്കാവുന്നതാണ്. ഖണ്ഡിക 7.2 പ്രകാരം പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളമോ ഹോണറേറിയമോ നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇൻസ്ട്രക്ടർമാർക്ക് ഹോണറേറിയം അനുവദിക്കുന്നതിന് മേൽ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടില്ല.

മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടാത്ത പ്രവർത്തനങ്ങൾക്കായി മേൽ ക്രമ നം. 1 മുതൽ 3 വരെയുള്ള 1,88,100/- രൂപ ചെലവഴിച്ചതിന് രേഖകൾ സഹിതം ഓഡിറ്റിന് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് എൻക്വയറി നം.06/16-17 /19.08.2017 പ്രകാരം നൽകിയെങ്കിലും മറുപടി നൽകിയിട്ടില്ല. സർക്കാർ അനുമതിയില്ലാത്ത ഇനങ്ങൾക്ക് ചെലവാക്കിയ 1,88,100/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-13 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് യൂണിഫോം - വാങ്ങൽ നടപടികൾ പാലിച്ചിട്ടില്ല

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2 ജോഡി യൂണിഫോം വാങ്ങി വിതരണം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഇതിനായി ടെണ്ടർ ക്ഷണിക്കുകയും പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി ശുപാർശ ചെയ്തതും കുറഞ്ഞ നിരക്കിലുള്ളതും ഗുണമേൻമയുള്ളതുമായ തുണിത്തരങ്ങൾ വിതരണം ചെയ്യാമെന്നേറ്റ പനമരം ഗോപിക ടെക്സ്റ്റൈൽസിൽ നിന്നും തുണിത്തരങ്ങൾ വാങ്ങി വിതരണം ചെയ്തു.പദ്ധതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | S-86/17 |
| പ്രോജക്ടിന്റെ പേര് | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യൂണിഫോം |
| അടങ്കൽ | 8,50,000/-(വികസന ഫണ്ട്-ടി.എസ്.പി). |
| ചെലവ് | 8,49,776/- |
| ബിൽ നം | 05/16-17/31.03.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

യൂണിഫോം വിതരണം ചെയ്തതിന് (ഇൻവോയിസ് നം.2160/25.03.2017) പനമരം ഗോപിക ടെക്സ്റ്റൈൽസിന് 8,49,776/- രൂപ കൈമാറി. യൂണിഫോം ലഭിച്ചെന്നുള്ള സ്കൂളുകളുടെയും ആൾട്ടർനേറ്റ് സ്കൂളുകളുടെയും അങ്കണവാടികളുടെയും കൈപ്പറ്റ് വിവരം ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് നിരീക്ഷണങ്ങൾ

സർക്കാർ ഉത്തരവ് (ആർ.റ്റി).2487/2016/ത.സ്വ.ഭ.വ തീയ്യതി 20.08.2016 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1. ഖണ്ഡിക 3.4.2.3 പ്രകാരം 5 ലക്ഷത്തിന് മുകളുലുള്ള വാങ്ങലുകൾ ഇ-ടെണ്ടർ ചെയ്തിട്ടില്ല. ടെണ്ടർ ക്ഷണിച്ചതിന്റെ പത്ര പരസ്യം, നോട്ടീസ് എന്നിവ ഫയലിൽ ഇല്ല. (ഖണ്ഡിക 3.4.2)
2. ആകെ ലഭിച്ചത് രണ്ട് ടെണ്ടർ മാത്രം. റീ ടെണ്ടർ ചെയ്തിട്ടില്ല. കുറഞ്ഞത് 5 ടെണ്ടർ വാങ്ങണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.(ഖണ്ഡിക 2.5).
3. ടെണ്ടർ അനുവദിച്ച സ്ഥാപനവുമായി നെഗോസിയേഷൻ നടത്തിയിട്ടില്ല.
4. ടെണ്ടർ അനുവദിച്ച സ്ഥാപനത്തിൽ നിന്നുമാത്രമാണ് ടെണ്ടർ ഫോം വില ഈടാക്കിയത് (675 രൂപ -രസീത് നം.11603101891/06.01.2017).ഖണ്ഡിക 3.4.2.4 പ്രകാരം ഒരുലക്ഷത്തിന് മുകളിലും പത്ത് ലക്ഷത്തിൽ താഴെയും അടങ്കൽ തുകയ്ക്ക് 1000 രൂപ +വാറ്റ് ആണ് ഈടാക്കേണ്ടിയിരുന്നത്. രണ്ടാമത്തെ ടെണ്ടറിൽ പങ്കെടുത്ത വ്യക്തിയിൽ നിന്നും ടെണ്ടർ ഫോം വില ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് നൽകേണ്ടതാണ്.
5. ഹൈസ്കൂളുകളോട് അനുബന്ധിച്ചുള്ളതല്ലാത്ത എൽ.പി/യു.പി. സ്കൂളുകളിലെ നിർവ്വഹണം മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ ചുമതല. എന്നാൽ ഹയർ സെക്കണ്ടറി സ്കൂൾ, ഹൈസ്കൂൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം ചെയ്തു. ഇവ ജില്ലാ പഞ്ചായത്തിന് കീഴിൽ വരുന്നതും ജില്ലാ പഞ്ചായത്ത് പ്രത്യേകം പദ്ധതികൾ നടപ്പാക്കുന്നതുമാണ്. പദ്ധതിയിലെ ഇരട്ടിപ്പ് പരിശോധനാ വിധേയമാക്കിയിട്ടില്ല.

മേൽ ഓഡിറ്റ് അന്വേഷണങ്ങൾക്ക് രേഖകൾ സഹിതം മറുപടി നൽകുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.06/16-17/19.08.2017 ന് മറുപടി നൽകിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയുള്ള വാങ്ങലുകളും ഗ്രാമപഞ്ചായത്തിന്റെ ചുമതലകളിൽപ്പെടാത്ത പ്രവൃത്തികൾ നടപ്പാക്കിയതാനാലും ചെലവഴിച്ച 8,49,776/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 സ്കൂളുകളിൽ ഷീപാഡ് പദ്ധതി

6 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് സാനിട്ടറി നാപ്കിൻ വാങ്ങുന്നതിനും 3 അലമാര, 3 ഇൻസിനറേറ്റർ, നാപ്കിൻ വെന്റിംഗ് മെഷീൻ എന്നിവ വിവിധ സ്കൂളുകളിൽ സ്ഥാപിക്കുന്നതിനുമാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പദ്ധതി വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | S-93/17 |
| പ്രോജക്ടിന്റെ പേര് | സ്കൂളുകളിൽ ഷീപാഡ് പദ്ധതി. |
| അടങ്കൽ | 4,09,802/-(വികസന ഫണ്ട്-ജനറൽ). |
| ചെലവ് | 4,08,138/- |
| ബിൽ നം | 13/16-17/31.03.2017 |

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ 28.04.2016 ലെ KSWDC/PO2/Shepad-LSGD/15-16/2253 നം. കത്ത് പ്രകാരം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഷീപാഡ് പദ്ധതി നടപ്പിലാക്കുന്നുണ്ടെന്നും ഇത്തരം പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്ന സ്ഥാപനങ്ങൾ കോർപ്പറേഷനുമായി ബന്ധപ്പെടുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി 50% തുക കോർപ്പറേഷന് മുൻകൂറായി നൽകുന്നതിനും ബാക്കി തുക വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് നൽകാവുന്നതാണ്. എന്നാൽ കോർപ്പറേഷനെ പദ്ധതി ഏൽപ്പിക്കാതെ ഉപകരണങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചു. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കോഴിക്കോട് (ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് ) എച്ച്.എൽ.എൽ. എന്ന സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങി. ഗ്രാമപഞ്ചായത്തിലെ വിവിധ ഹയർ സെക്കണ്ടറി സ്കൂളുകൾ, ഹൈസ്കൂളുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിനാണ് വെന്റിംഗ് മെഷീനുകളും ഇൻസിനറേറ്ററുകളും വാങ്ങിയിട്ടുള്ളത്.

ഓഡിറ്റ് നിരീക്ഷണങ്ങൾ

1. സർക്കുലർ നം.57125/പി2/2005 /ത.സ്വ.ഭ.വ തീയ്യതി 13.01.2006 പ്രകാരം ഹൈസ്കൂളുകളോട് അനുബന്ധിച്ചുള്ളതല്ലാത്ത എൽ.പി/യു.പി. സ്കൂളുകളിലെ നിർവ്വഹണം മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ ചുമതല. എന്നാൽ ഹയർ സെക്കണ്ടറി സ്കൂൾ, ഹൈസ്കൂൾ എന്നിവിടങ്ങളിലാണ് പദ്ധതി നടപ്പാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്. ഇവ ജില്ലാ പഞ്ചായത്തിന് കീഴിൽ വരുന്ന സ്ഥാപനങ്ങളാണ്. ഗ്രാമപഞ്ചായത്തിലെ മൂലങ്കാവ് ഹയർ സെക്കണ്ടറി സ്കൂൾ, മാതമംഗലം ഗവ:ഹൈസ്കൂൾ,കല്ലൂർ ഗവ: ഹൈസ്കൂൾ എന്നിവിടങ്ങളിലാണ് ഉപകരണങ്ങൾ സ്ഥാപിച്ചത്. ഈ സ്കൂളുകൾ ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകളാണ്. മാത്രമല്ല, ജില്ലാ പഞ്ചായത്ത് 2011-12 വർഷത്തിൽ ഷീ പാഡ് പദ്ധതി നടപ്പാക്കിയിട്ടുള്ളതുമാണ്. 21.08.2017 ന് നടത്തിയ സ്ഥല പരിശോധനയിൽ മൂലങ്കാവ് സ്കൂളിൽ അനുവദിച്ച ഉപകരണങ്ങൾ ഉപയോഗിക്കുന്നതായും മാതമംഗലം സ്കൂളിൽ ഇൻസിനറേറ്റർ പ്രവർത്തിക്കാത്ത അവസ്ഥയിലും കണ്ടു. ഇത് പ്രവർത്തിക്കാനാവശ്യമായ വൈദ്യുതി കണക്ഷൻ ലഭ്യമാക്കായിട്ടില്ല.
2. ടെണ്ടർ മുഖേനയല്ലാതെ സാധനങ്ങൾ വാങ്ങി. ഇത് സർക്കാർ ഉത്തരവ് (ആർ.റ്റി).2487/2016/ത.സ്വ.ഭ.വ തീയ്യതി 20.08.2016 ന് വിരുദ്ധമാണ്.

മേൽ ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ വരാത്ത സ്ഥാപനങ്ങളിൽ പദ്ധതി നടത്തുക വഴി സർക്കാർ ഫണ്ടിന്റെ ദുർ വിനിയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു.ചെലവഴിച്ച തുക 4,08,138/- രൂപ നിരാകരിക്കുന്നു.

## 3-15 മെഡിസിൻ കവർ,പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് പ്രവർത്തന ക്ഷമമല്ല.

പി.എച്ച്.സി. മെഡിസിൻ കവർ, പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഇതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചു. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ എഫ്.എം.സി.ജി ഇന്റർനാഷണൽ എന്ന സ്ഥാപനത്തിൽ നിന്നും 7,40,000/- രൂപയുടെ ഉപകരണങ്ങളും 1,47,226/- രൂപയുടെ ഫർണ്ണീച്ചറുകളും വാങ്ങി വിതരണം ചെയ്തു. പദ്ധതി സംബന്ധിച്ച വിശദ വിവരം

താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | S-216/17 |
| പ്രോജക്ടിന്റെ പേര് | പി.എച്ച്.സി മെഡിസിൻ കവർ, പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് |
| അടങ്കൽ | 9,00,000/-(വികസന ഫണ്ട്-പൊതു വിഭാഗം). |
| ചെലവ് | 8,87,226/- |
| ബിൽ നം. | 14/16-17/31.03.2017 – 7,40,000/- |
| | 16/16-17/31.03.2017 – 1,47,226/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഓഡിറ്റ് നിരീക്ഷണങ്ങൾ

1. സർക്കാർ ഉത്തരവ് (ആർ.റ്റി).2487/2016/ത.സ്വ.ഭ.വ തീയ്യതി 20.08.2016 ഖണ്ഡിക 3.4.2.3 പ്രകാരം 5 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾ ഇ-ടെണ്ടർ ചെയ്തിട്ടില്ല.
2. ആകെ ലഭിച്ചത് രണ്ട് ടെണ്ടർ മാത്രം. റീ ടെണ്ടർ ചെയ്തിട്ടില്ല. കുറഞ്ഞത് 5 ടെണ്ടർ വാങ്ങണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.(ഖണ്ഡിക 2.5).
3. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ഫോം വില ഈടാക്കിയതിന്റെ വിവരം ഇല്ല.
4. യൂണിറ്റ് അനുവദിച്ചത് ഏത് ഗ്രൂപ്പിനാണെന്നും വാങ്ങിയ ഉപകരണം ആര് കൈപ്പറ്റി എന്നതിന്റെ വിവരം ഇല്ല.
5. സിഡ്കോയിൽ നിന്നും വാങ്ങിയ 1,47,226/- രൂപയുടെ ഫർണ്ണീച്ചറുകൾ കൈപ്പറ്റിയതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഇല്ല.

21.08.2017 ന് 2 മണിക്ക് നടത്തിയ സ്ഥല പരിശോധനയിൽ വാങ്ങിയ സാധന സാമഗ്രികൾ നൂൽപ്പുഴ പി.എച്ച്.സിയിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു.

നിലവിൽ യൂണിറ്റ് പ്രവർത്തന ക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.9/16-17/19.08.2017 ന് മറുപടി നൽകിയിട്ടില്ല. നിലവിൽ യൂണിറ്റ് പ്രവർത്തനക്ഷമമാക്കാത്തതിനാൽ ചെലവഴിച്ച 8,87,226/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 ഫണ്ട് വിനിയോഗിച്ചെങ്കിലും മരുന്ന് മുഴുവൻ ലഭിച്ചിട്ടില്ല, സ്റ്റോക്ക് യഥാവിധം സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പാക്കിയ ആയുർവ്വേദ ആശുപത്രയിലേക്ക് മരുന്ന് വാങ്ങാനുള്ള പദ്ധതിയിൽ 5,50,000/-ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം. | 105/17 |
| പ്രൊജക്റ്റ് | ആയുർവ്വേദ ആശുപത്രയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 5,50,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |

| | |
|---|---|
| ട്രഷറി ബിൽ നം. | 1/16-17/ 21.2.17 5,50,000/- രൂപ. |

എ)മരുന്ന് മുഴുവൻ ലഭിച്ചിട്ടില്ല.

തൻവർഷം ,ആയുർവ്വേദ ആശുപത്രയിലേക്ക് മരുന്ന് വാങ്ങാനായി 5,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 'ഔഷധി'ക്കാണ് തുക നല്കിയിട്ടുള്ളത്. നാളിതുവരെ 4,60,058/- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചതായി കാണുന്നുള്ളു.

വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./തിയ്യതി | തുക |
|---|---|---|
| 1 | 3205/28.2.17 | 294567 |
| 2 | 3591/31.3.17 | 37246 |
| 3 | 90021093/8.6.17 | 22444 |
| 4 | 90021104/7.6.17 | 33758 |
| 5 | 90021914/16.6.17 | 29820 |
| 6 | 90023771/30.6.17 | 17323 |
| 7 | 90028443/3.8.17 | 24900 |
| ആകെ | | 460058 |

ബാക്കി തുകക്കുള്ള(5,50,000 - 4,60,058) 89,942/- രൂപയുടെ മരുന്ന് ലഭിച്ചതായി കാണുന്നില്ല. മരുന്ന് ലഭിച്ചിട്ടുണ്ടെങ്കിൽ വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.2/16-17/17.8.2017) മറുപടിയായി 89,942/- രൂപയുടെ മരുന്ന് ലഭിക്കാനുണ്ടെന്നും, മരുന്ന് ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. 89,942/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ബി)മരുന്നിന്റെ സ്റ്റോക്ക് സൂക്ഷിക്കുന്നതിലെ അപാകതകൾ

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ മേൽ പദ്ധതി പ്രകാരം വാങ്ങിയ മരുന്നുകൾ പ്രത്യേക സ്റ്റോക്കായി വേറിട്ട് സൂക്ഷിച്ചതായി കാണുന്നു. ഒരു സ്ഥാപനത്തിലെ ഒ.പി. യിൽ ഉപയോഗിക്കുന്ന മരുന്നിന് വ്യത്യസ്ത സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അനൗചിത്യം ശ്രദ്ധയിൽപ്പെടുത്തി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മെഡിക്കൽ ഓഫീസർ നല്കിയ മറുപടിയിൽ പഞ്ചയത്തിൽ നിന്നും അനുവദിക്കുന്ന മരുന്നിന് ഒരു സ്റ്റോക്ക് രജിസ്റ്ററും ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള മരുന്നുകൾ മറ്റൊരു സ്റ്റോക്ക് രജിസ്റ്ററിലുമാണ് എഴുതി സൂക്ഷിക്കുന്നത് എന്നറിയിച്ചു. ഒരു സ്ഥാപനത്തിലെ ഒ.പി.യിൽ ഉപയോഗിക്കുന്ന മരുന്നിന് വ്യത്യസ്ത സ്റ്റോക്കുകൾ സൂക്ഷിക്കുന്നത് ഉചിതമായ നടപടിയല്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-17 ഹോമിയോ ആശുപത്രി ഹെൽത്ത് ക്ലബ്ബിന് വ്യായാമ ഉപകരണങ്ങൾ വാങ്ങൽ- ഹെൽത്ത് ക്ലബ്ബ് പ്രവർത്തനക്ഷമമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 114/17 |
| പ്രോജക്ട് | വടക്കനാട് ഗവ. ഹോമിയോ ആശുപത്രി ഹെൽത്ത് ക്ലബ്ബിന് വ്യായാമ ഉപകരണങ്ങൾ വാങ്ങൽ |

| | |
|---|---|
| അടങ്കൽ | 30,000/- വികസനഫണ്ട് ജനറൽ |
| ട്രഷറി ബിൽ നം. | 2/16-17/ 30.3.17 30,000/- |

മേൽ ബിൽപ്രകാരം ബത്തേരിയിലെ 'ഫിറ്റ്നസ് ഫോറം' എന്ന സ്ഥാപനത്തിൽ നിന്നുമാണ് വ്യായാമ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. ഹെൽത്ത് ക്ലബ്ബ് പ്രവർത്തിക്കുന്നുണ്ടോയെന്നും ഉപകരണങ്ങൾ വിനിയോഗിക്കുന്നുണ്ടോയെന്നും വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/16-17 /18.7.2017) നിർവ്വഹണ ഉദ്യോഗസ്ഥനായ ഹോമിയോ മെഡിക്കൽ ഓഫീസർ നല്കിയ മറുപടിയിൽ ഉപകരണങ്ങൾ നിലവിൽ ഉപയോഗിക്കുന്നുണ്ട് എന്നും ഇതിനായുള്ള കെട്ടിട സൗകര്യം ഒരുക്കി വരുന്നതായും കെട്ടിടം പണി പൂർത്തീകരിച്ചശേഷം വ്യായാമകേന്ദ്രം പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ മറുപടി പ്രതീക്ഷിക്കുന്നു. ചെലവ് തുക 30,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-18 ഹോമിയോ ആശുപത്രയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് തൻവർഷം നടപ്പാക്കിയ ഹോമിയോ മരുന്ന് വാങ്ങാനുള്ള പദ്ധതിയിൽ 1,00,000/- ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം. | 113/17ഹോമിയോ ആശുപത്രയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 2,00,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ) |
| ട്രഷറി ബിൽ നം. | 1/16-17/ 27.2.17 2,00,000/- |

മേൽ പ്രകാരം തൻവർഷം ഹോമിയോ മെഡിക്കൽ ഓഫീസർ, വടക്കനാട് ഗവ. ഹോമിയോ ആശുപത്രിയിലേക്കും, കല്ലൂർ എൻ.എച്ച്.എം. ഹോമിയോ സെന്ററിലേക്കും 1,00,000/- രൂപ വീതം മരുന്ന് വാങ്ങാനായി മേൽ പ്രകാരം 2,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആലപ്പുഴയിലെ 'ഹോംകോ'ക്കാണ് തുക നല്കിയിട്ടുള്ളത്. മരുന്ന് നാളിതുവരെ ലഭിച്ചതായി കാണുന്നില്ല. മരുന്ന് ലഭ്യമാക്കുന്നതിനായി 'ഹോംകോ'യുമായി കരാറിൽ ഏർപ്പെട്ടതായും രേഖകളില്ല. രേഖകളുണ്ടെങ്കിൽ ഓഡിറ്റിൽ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/16-17/18.7.2017) ഹോമിയോ മെഡിക്കൽ ഓഫീസർ നല്കിയ മറുപടിയിൽ മരുന്ന് ഇതുവരെ ലഭിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. (മുൻ വർഷങ്ങളിലും സമാനമായ സാഹചര്യം ഉണ്ടായിട്ടുണ്ട്, 2015-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5 ൽ ഇക്കാര്യം പരാമർശിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ മരുന്നും മുഴവനും ഇനിയും ലഭിച്ചിട്ടില്ല എന്നാണ് മെഡിക്കൽ ഓഫീസർ മറുപടിയിൽ അറിയിച്ചിട്ടുള്ളത്.) ഈ സാഹചര്യത്തിൽ ചെലവഴിച്ച തുക 2,00,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-19 തൊഴുത്ത് നിർമ്മാണത്തിന് സഹായം-കുടുംബശ്രീ വനിതകൾക്ക്- തൊഴുത്ത് ഉപയോഗപ്രദമാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 04/16-17 -തൊഴുത്ത് നിർമ്മാണത്തിന് സഹായം-കുടുംബശ്രീ വനിതകൾക്ക് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 40,000/- ധനകാര്യ കമ്മീഷൻ |
| ബിൽ നം. | 1)3/16-17 30,000/- രൂപ തിയ്യതി-15.11.16<br>2) 04/16-17 10,000/-രൂപ തിയ്യതി-23.02.2017 |

ഈ പദ്ധതിയിൽ തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം ലഭിച്ച ശ്രീമതി സരസമ്മ, താന്നിക്കൽ എന്നവരുടെ തൊഴുത്തിൽ 22.08.2017 ന് സ്ഥലപരിശോധന നടത്തി. ഓഡിറ്റിന് കാണിച്ച തന്ന ഷെഡിൽ ചാണക കുഴി ഉണ്ടാക്കിയിട്ടില്ല. ഈ ഷെഡ് നിലവിൽ വിറക് അടുക്കിവെക്കുവാനാണ് ഉപയോഗിക്കുന്നത്. ചാണക കുഴി നിർമ്മാണം തൊഴുത്ത് നിർമ്മാണത്തിലെ ഒരു ഇനമാണെങ്കിലും ആയത് ചെയ്യാതെയാണ് ഓവർസിയർ ആയത് ചെയ്തതായി വാല്യവേഷൻ എടുത്തത്. കൂടാതെ നിലവിൽ ഈ ഷെഡ് തൊഴുത്ത് ആയി ഉപയോഗിക്കുന്നുമില്ല.

വാല്യുവേഷൻ എടുത്ത ഓവർസിയറോ പണം നല്കിയ നിർവ്വഹണ ഉദ്യോഗസ്ഥനോ സ്ഥലപരിശോധന നടത്താതെയാണ് പണം നല്കിയിട്ടുള്ളതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ -23/16-17/23.08.2017 ന് മറുപടി ലഭിച്ചില്ല. ആയതിനാൽ ഈ പദ്ധതിയിൽ ശ്രീമതി സരസമ്മ, താന്നിക്കൽ എന്നവർക്ക് നല്കിയ 10,000/-രൂപയുടെ ചെലവ് (ഡിഡിനം.170452 തിയ്യതി 17.11.16)ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. തൊഴുത്ത് ഉപയോഗപ്രദമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-20 വിധവകൾക്ക് ആട് വളർത്തൽ-ആടുകളെ വാങ്ങാതെ പണം നല്കി.

| | |
|---|---|
| പ്രോജക്ട് നം. | 76/16-17 -വിധവകൾക്ക് ആട് വളർത്തൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 10,80,000/- (വികസനഫണ്ട് 5,40,000/- മറ്റുള്ളവ 5,40,000/-) |
| ബിൽനം | 1)ബിൽ നം.07/16-17 തുക 70,000/-രൂപ തിയ്യതി 28.03.2017<br>2) ബിൽ നം.11/16-17 തുക 30,000/-രൂപ തിയ്യതി 28.03.2017<br>3) ഗുണഭോക്തൃ വിഹിതം 1,00,000/-<br>ആകെ ചെലവ് 2,00,000/-<br>ചെലവ്പത്രിക പ്രകാരം ഗുണഭോക്തൃ വിഹിതം ചെലവ് 30,000/- രൂപ എന്നാൽ ഒരു ലക്ഷം രൂപയിൽ 70,000/- രൂപ 03.04.2017 ലാണ് ചെലവഴിച്ചത്. ആയത് ചെലവ് പത്രികയിൽ വന്നിട്ടില്ല. |

22.08.2017 ന് സ്ഥലപരിശോധനയിൽ ഈ പദ്ധതിയിൽ മൂന്ന് ആടുകളെ (ടാഗ് നം.7643,7650,7630) വാങ്ങുന്നതിന് ധന സഹായം ലഭിച്ച ശ്രീമതി ലളിത, ആലിക്കൽ എന്നവർക്ക് നൽകിയ മൂന്ന് ആടുകളിൽ ഒന്നിനെ (ടാഗ് നം. 7630), ഇവർക്ക് ആടിനെ നല്കിയ ബന്ധുവായ സരസ്വതി, എടപ്പുംഉരുത്തിൽ എന്നവരുടെ വീട്ടിലാണ് കെട്ടിയിരിക്കുന്നത്. ഇവർക്ക് ലഭിച്ച രണ്ടാമത്തെ ആടിനെ കെട്ടിയിരിക്കുന്നത് സരസ്വതിയുടെ ബന്ധുവായ തൊട്ടടുത്ത് താമസിക്കുന്ന ചന്ദ്രമതി എന്നവരുടെ വീട്ടിലുമാണ്. ഈ ആടിന്റെ ചെവിയിൽ കമ്മലില്ലാത്തതിനാൽ ലളിതയ്ക്കു നല്കിയ ആടാണോ ഇതെന്ന് ഓഡിറ്റിനെ ബോധ്യപ്പെടുത്താൻ കഴിഞ്ഞില്ല. മൂന്നാമത്തെ ആട് വരദൂരുള്ള ഏട്ടന്റെ വീട്ടിലാണ് എന്നാണ് ലളിത അറിയിച്ചിട്ടുള്ളത്. ആയതിനാൽ ഇവർ യഥാർത്ഥത്തിൽ ആടുകളെ വാങ്ങിയിട്ടില്ല എന്നാണ് വ്യക്തമാകുന്നത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ -23 /16-17/ 23.08.2017 ന് മറുപടി ലഭിച്ചില്ല. ആയതിനാൽ ഈ പദ്ധതിയിൽ ശ്രീമതി ലളിത, ആലിക്കൻ എന്നവർക്ക് ആടുകളെ നല്കിയതായി കാണിച്ച് ശ്രീമതി സരസ്വതി, എടപ്പുംത്തുരുത്തിൽ എന്നവർക്ക് നല്കിയ 20,000/- രൂപ (ചെക്ക് നം.180350 തിയ്യതി 07.04.17)ഓഡിറ്റ് നിരാകരിക്കുന്നു.

## 3-21 തെരുവ് നായ്ക്കളെ വന്ധ്യം കരിക്കൽ- പ്രവർത്തന റിപ്പോർട്ട് ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് നം. | 111/16-17 -തെരുവ് നായ്ക്കളെ വന്ധ്യം കരിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 2,00,000/- (വികസനഫണ്ട് ജനറൽ) |
| ബിൽനം | ബിൽ നം.05/16-17 2,00,000/- തിയ്യതി 23.02.2017 |

മേൽപരാമർശിച്ച ബിൽ പ്രകാരം 2,00,000/- രൂപ മാറി ജില്ലാപഞ്ചായത്തിന് നൽകിയിട്ടുണ്ട്. പ്രോജക്ടിൽ ചെലവിന്റെ യാതൊരു വിശദാംശവുമില്ല. ഈ തുക നല്കിയതിന്റെ മാനദണ്ഡം (ചെയ്യാനുദ്ദേശിച്ച

പ്രവർത്തനങ്ങൾ,ചെലവിന്റെ വിവരം) വ്യക്തമാക്കിയില്ല. ഈ വർഷം പദ്ധതിയിൽ നടത്തിയ പ്രവർത്തനങ്ങൾ, ചെലവ് വിവരം എന്നിവ ഓഡിറ്റിന് നല്കിയില്ല. പണം ജില്ലാ പഞ്ചായത്തിന് നല്കിയതിന്റെ വിശദാംശം,കൈപ്പറ്റ് എന്നിവയും ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ -23/16-17/23.08.2017 ന് മറുപടി ലഭിച്ചില്ല. ആയതിനാൽ ഈ പദ്ധതിയിൽ ചെലവഴിച്ച 2,00,000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. പരാമർശിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-22 കുരങ്ങ് പനിക്ക് കാരണമായ ചെള്ള് വ്യാപന നിയന്ത്രണം- മരുന്ന് വിതരണം ചെയ്യതിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 212/16-17 -കുരങ്ങ് പനിക്ക് കാരണമായ ചെള്ള് വ്യാപന നിയന്ത്രണം- മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 1,49,753/- (വികസനഫണ്ട് ജനറൽ) |
| ബിൽ നം. | ബിൽ നം.10/16-17 1,49,753/-രൂപ തിയ്യതി 31.03.2017 |

ഈ പദ്ധതിക്കായി ഡൈനാവെറ്റ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ 1,49,753/-രൂപയുടെ മരുന്ന് ഇതുവരെ വിതരണം ചെയ്യതിട്ടില്ല. മഴ കുറവായതിനാൽ കുരങ്ങ് പനി വ്യാപിക്കാൻ സാധ്യത കുറവായതിനാൽ ഇപ്പോൾ വിതരണം ചെയ്യേണ്ടതില്ലായെന്നാണ് സ്റ്റോക്ക് രജിസ്റ്ററിൽ നിർവ്വഹണഉദ്യോഗസ്ഥൻ എഴുതിയിട്ടുള്ളത്. മരുന്ന് ആവശ്യമുള്ള ഘട്ടത്തിൽ വിതരണം ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ -23/16-17/23.08.2017 ന് മറുപടി ലഭിച്ചില്ല. മരുന്ന് ആവശ്യമുള്ള ഘട്ടത്തിൽ വിതരണം ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കുന്നതുവരെ ഈ പദ്ധതിയിൽ ചെലവഴിച്ച 1,49,753/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-23 കിഡ്നി രോഗികൾക്ക് ഡയാലിസിസിന് മരുന്ന് പൂർണ്ണമായും ലഭിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം. | 207/16-17 -കിഡ്നി രോഗികൾക്ക് ഡയാലിസിസിന് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| അടങ്കൽ | 1,00000/- |
| ബിൽ നം. | 8/16-17 1,00000/- രൂപ തിയ്യതി-16.03.17. |

ഈ പദ്ധതിയിൽ കിഡ്നി രോഗികൾക്ക് ഡയാലിസിസിന് മരുന്ന് വാങ്ങുന്നതിനായി 1,00,000/- രൂപ കെ.എം.എസ്.സി.എൽ ന് നല്കിയെങ്കിലും (അക്കൗണ്ട് നം. 3624001800000019-പി.എൻ.ബി) നാളിതുവരെ 96,497/-രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ (ബിൽനം. 1368 തിയ്യതി 30.06.2017). ആയതു തന്നെ പണം നല്കി മൂന്ന് മാസം കഴിഞ്ഞാണ് ലഭിച്ചത്. പണം ലഭിച്ച് 15 ദിവസത്തിനുള്ളിൽ മരുന്ന് നല്കാമെന്നാണ് കെ.എം.എസ്.സി.എൽ ഉറപ്പു നല്കിയെങ്കിലും മരുന്ന് വൈകിയാണ് ലഭിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ -22 /16-17/ 23.08.2017 ന് മറുപടിയായി ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ഉടൻ ലഭ്യമാക്കാമെന്ന് കെ.എം.എസ്.സി.എൽ. അറിയിച്ചതായി മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. 3503/-രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാത്തതിനാൽ ഈ തുകയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-24 പിഎച്ച്സി യിലേക്കുള്ള ലാബ് മോഡ്യൂലാർ ഫർണ്ണിച്ചർ വാങ്ങൽ അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം. | 209/16-17 -ലാബ് മോഡ്യൂലാർ ഫർണ്ണിച്ചർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| അടങ്കൽ | 3,00,000/- |
| ബിൽ നം. | ബിൽ നം.20/16-17 2,99,262/-രൂപ തിയ്യതി 31.03.2017 |

ലാബിലേക്കുള്ള മോഡ്യൂലാർ ഫർണ്ണിച്ചർ വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ. എന്ന സ്ഥാപനവുമായി റണ്ണിംഗ് കോൺട്രാക്റ്റ് ഉള്ള മോഡേൺ ലാബ് ഇൻറീരിയർ, ചെന്നൈ എന്ന സ്ഥാപനത്തിനെയാണ് തിരഞ്ഞെടുത്തതെങ്കിലും ഫർണ്ണിച്ചർ നല്കിയിട്ടുള്ളത് മോഡേൺ ലാബ് എൻജിനീയേഴ്സ് ,ചെന്നൈ എന്ന സ്ഥാപനമാണ് (ഇൻവോയ്സ് നം.34 തിയ്യതി 25.03.2017). എന്നാൽ കരാർ വെച്ചിട്ടുള്ളത് മോഡേൺ ലാബ് ഇൻറീരിയർ, ചെന്നൈ എന്ന സ്ഥാപനവുമായാണ്. കൂടാതെ ഈ കരാറിൽ വാറണ്ടി, എ.എം.സി എന്നിവ സംബന്ധിച്ച് യാതൊരു വ്യവസ്ഥയും രേഖപ്പെടുത്തിയിട്ടില്ല. ഇതിന് മറുപടിയായി മേൽ അപാകതകൾ ഉടൻ പരിഹരിക്കാമെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. ആയത് പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതുവരെ ഈ പദ്ധതിക്കായി ചെലവഴിച്ച 3,00,000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-25 പി.എച്ച്.സി ൽ വരുന്ന വനിതകൾക്ക് ഈടോയ് ലറ്റ്-ടെണ്ടർ നിബന്ധന പ്രകാരമുള്ള വാറണ്ടി ഉറപ്പുവരുത്തിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 208/16-17 -പി.എച്ച്.സി ൽ വരുന്ന വനിതകൾക്ക് ഈടോയ്‌ലറ്റ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| അടങ്കൽ | 6,00000/- (വികസനഫണ്ട് പൊതുവിഭാഗം) |
| ബിൽനം | ബിൽ നം.17/16-17 6,00,000/-രൂപ തിയ്യതി 31.03.17 |

ഈ പദ്ധതിയിൽ ഈടെണ്ടർ മുഖാന്തിരം വഴുതക്കാടുള്ള ഇറാം സയൻറിഫിക് സൊല്യൂഷൻസൻസ് പ്രൈവറ്റ് ലി. എന്ന സ്ഥാപനം ഓട്ടോമാറ്റഡ് ഈ ടോയ്‌ലറ്റ് (സാനിറ്ററി നാപ്കിൻ ഇൻസിനേറ്ററും വെൻഡിങ്ങ് മെഷീനും ഉൾപ്പെടെ) 08.06.2017 ന് പി.എച്ച്.സി ൽ സ്ഥാപിച്ചു. ഈടെണ്ടറിലെ വ്യവസ്ഥ പ്രകാരം ( നോട്ടിഫിക്കേഷൻ നം.178/2017 തിയ്യതി 14/03/2017 ) ഓട്ടോമാറ്റഡ് ഈടോയ്‌ലറ്റിന്റെ ഗ്യാരണ്ടി കാലാവധി ഒരു വർഷമാണ്. എന്നാൽ ഈ സ്ഥാപനവുമായുള്ള കരാർ വ്യവസ്ഥ പ്രകാരം വാറണ്ടി 6 മാസം മാത്രമാണ്. ആയത് ടെണ്ടർ നിബന്ധനയ്ക്ക് വിരുദ്ധമാണ്. ഇതിന് മറുപടിയായി അപാകതകൾ ഉടൻ പരിഹരിക്കാമെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. ആയത് പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതുവരെ ഈ പദ്ധതിക്കായി ചെലവഴിച്ച 6,00,000/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. കൂടാതെ വാറണ്ടി കാലാവധിക്കു ശേഷം എ.എം.സി. ക്കായി സ്ഥാപനവുമായി കരാറിലേർപ്പെടേണ്ടതാണ്. ആയതിനുള്ള സജ്ജീകരണങ്ങൾ യഥാസമയം ഉറപ്പുവരുത്തേണ്ടതാണ്.

## 3-26 പിഎച്ച്സി പുതിയ ബ്ലോക്കിന് ഉപകരണങ്ങൾ,ഈ-ഹോസ്പിറ്റൽ സിസ്റ്റം-ബ്ലോക്ക് പ്രവർത്തനക്ഷമമായില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 138/16-17 -പുതിയ ബ്ലോക്കിന് ഉപകരണങ്ങൾ,ഈ-ഹോസ്പിറ്റൽ സിസ്റ്റം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| ചെലവ് | 29,67,777/- |

| | |
|---|---|
| ബിൽനം | 1. ബിൽ നം.18/16-17 13,99,842/-രൂപ തിയ്യതി 31.03.2017<br>2. ബിൽ നം.05/16-17 രൂപ 78,431 /- തിയ്യതി 07.03.17<br>3. ബിൽ നം.11/16-17 രൂപ 3780 /- തിയ്യതി 21.03.17<br>4. ബിൽ നം13/16-17 രൂപ 2,71,206 /- തിയ്യതി 29.03.17<br>5. ബിൽ നം.14/16-17 രൂപ 207154 /- തിയ്യതി 29.03.17<br>6. ബിൽ നം.22/16-17 രൂപ 2879 /- തിയ്യതി 31.03.17<br>7. ബിൽ നം.23/16-17 രൂപ 46671 /- തിയ്യതി 31.03.17<br>8. ബിൽ നം.03/16-17 രൂപ 1,20,175 /- തിയ്യതി 07.03.17<br>9. ബിൽ നം.12/16-17 രൂപ 4,19,000 /- തിയ്യതി 29.03.17<br>10. ബിൽ നം.15/16-17 രൂപ 3,25,500 /- തിയ്യതി 29.03.17<br>11. ബിൽ നം.16/16-17 രൂപ 34250 /- തിയ്യതി 29.03.17<br>12. ബിൽ നം.19/16-17 രൂപ 58889 /- തിയ്യതി 31.03.17 |
| ആകെ | 29,67,777/- |

22.08.2017ന് നടത്തിയ സ്ഥലപരിശോധനയിൽ നൂൽപ്പുഴ പി.എച്ച്.സി.യിൽ പുതിയ ബ്ലോക്കിന്റെ പ്രവർത്തികൾ നടന്നു വരുന്നതായി കണ്ടു. ഇവിടെ 13,99,842/-രൂപ മുടക്കി കെൽട്രോൺ മുഖേന സ്ഥാപിക്കുന്ന ടെലിമെഡിസിൻ & ഈ-ഹോസ്പിറ്റൽ സിസ്റ്റം പ്രവർത്തനക്ഷമമാക്കിയിട്ടില്ല (പ്രവർത്തി പുരോഗമിച്ചുവരുന്നു). 3,25,500/-രൂപ മുടക്കി വാങ്ങിയ ഹെമ്മറ്റോളജി അനലൈസർ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ബിൽ നം.19/16-17 രൂപ 58,889/- തിയ്യതി 31.03.17 പ്രകാരം 58,889/-രൂപ സോർട്ടിംഗ് ക്യാബിനറ്റ് വിത്ത് ടേബിൾ, ആംമ്പുബാഗ് തുടങ്ങിയവ വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ. ന് നല്കിയെങ്കിലും സോർട്ടിംഗ് ക്യാബിനറ്റ് വിത്ത് ടേബിൾ ലഭിച്ചിട്ടില്ല. പി.എച്ച്.സി.യിലെ പുതിയ ബ്ലോക്ക് ഇതുവരെ പ്രവർത്തനക്ഷമമായിട്ടില്ല. ഇതിന് മറുപടിയായി സർക്കാറിൽ നിന്നും ഇ-ഹെൽത്ത് സോഫ്റ്റ്‌വെയർ ലഭിച്ചാലുടൻ ടെലിമെഡിസിൻ & ഈ-ഹോസ്പിറ്റൽ സിസ്റ്റം പ്രവർത്തനക്ഷമമാകുമെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. പ്രവർത്തനക്ഷമമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ഈ പദ്ധതിക്കായി ചെലവഴിച്ച 29,67,777/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. കൂടാതെ വിവിധ ഉപകരണങ്ങളുടെ വാറണ്ടി കാലാവധിക്കുശേഷം എ.എം.സി. ക്കായി ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി കരാറിലേർപ്പെടേണ്ടതാണ്. ആയതിനുള്ള സജ്ജീകരണങ്ങൾ യഥാസമയം ഉറപ്പുവരുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുക

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് /ജില്ലാ പഞ്ചായത്ത് | 500000 | പാൽ ഉൽപാദനം | 500000 | 0 |
| | 4145668 | കർഷകർക്ക് ബോണസ് | 4145668 | 0 |
| ജില്ലാ പഞ്ചായത്ത് | 602700 | പ്രഭാത ഭക്ഷണം | 602700 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

--ഇല്ല--

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | സാഫല്യം ഭവന നിർമ്മാണം | സ.ഉ(എം.എസ്)നം. 83/13/തസ്വഭവ, തീയ്യതി 11/3/13 | 2 കോടി | വിവരം ലഭ്യമല്ല. ഖണ്ഡിക 3(10) കാണുക. | 1985000 | | വിവരം ലഭ്യമല്ല. ഖണ്ഡിക 3(10) കാണുക. |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-6 ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-5 | 2008-09 | 3-9-2 | ദേശീയ ജോലിക്ക് കൂലി ഭക്ഷണം പരിപാടിയിൽ നിർമ്മിച്ച 6 കുളങ്ങൾ പൂർത്തീകരിച്ചിട്ടില്ല. | മറുപടി നൽകിയിട്ടുള്ളതാണ്. |
| 2008-09<br>2009-10 | 3-14<br>3-8 | 2011-12 | | ലീസ് ഭൂമിയിലുള്ള താമസക്കാർക്ക്<br>സെമി പെർമനന്റ് ഭവനം സർക്കാർ ഉത്തരവിന് വിരുദ്ധമായി നടപ്പാക്കി. | മറുപടി നൽകിയിട്ടുള്ളതാണ്. |
| 2013-14 | | 2013-14 | 5-15 | കുടിവെള്ള സ്രോതസ്സുകളെ സംബന്ധിച്ച്. | മറുപടി എ.ഡി.പിയ്ക്ക് നൽകിയിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 109792831.00 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 93128745.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 14892.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 516804.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7031338.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-8 | 14892.00 | | ശ്രീ. അബ്ദുള്ള.വി.എം, സെക്രട്ടറി |
| 3-2 | | 19600.00 | ശ്രീ. വിനീത.സി.റ്റി, അസി.എഞ്ചിനീയർ |
| 3-3 | | 6426.00 | ശ്രീമതി.വിനീത.സി.റ്റി, അസി.എഞ്ചിനീയർ |
| 3-6 | | 62640.00 | ശ്രീ. അബ്ദുള്ള.വി.എം, സെക്രട്ടറി |
| 3-14 | | 408138.00 | ശ്രീമതി. ഷീല, ഹെഡ് മാസ്റ്റർ |
| 3-20 | | 20000.00 | ഡോ.കെ. അസ്സെനാർ, വെറ്ററിനറി സർജ്ജൻ |
| ആകെ | 14892.00 | 516804.00 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 58129.00 | ശ്രീ. സലോഷ്.കെ.എൽദോ, അസി.എഞ്ചിനീയർ |
| 3-6 | 45360.00 | ശ്രീ. അബ്ദുള്ള.വി.എം, സെക്രട്ടറി |
| 3-7 | 652510.00 | ശ്രീ. അബ്ദുള്ള.വി.എം, സെക്രട്ടറി |
| 3-12 | 188100.00 | ശ്രീമതി. ഷീല, ഹെഡ് മാസ്റ്റർ |
| 3-13 | 849776.00 | ശ്രീമതി. ഷീല, ഹെഡ് മാസ്റ്റർ |
| 3-15 | 887226.00 | ശ്രീമതി. ഷാലി, ഐ.സി.ഡി.എസ് സൂപ്പർ വൈസർ |

| | | |
|---|---|---|
| 3-16 | 89942.00 | ഡോ. നിഷ, മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) |
| 3-17 | 30000.00 | ഡോ. കെ.ജി.രഞ്ജിത്ത്, മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 3-19 | 10000.00 | ഡോ.കെ.അസ്സൈനാർ, മൃഗ ഡോക്ടർ |
| 3-21 | 200000.00 | ഡോ.കെ.അസ്സൈനാർ, മൃഗ ഡോക്ടർ |
| 3-22 | 149753.00 | ഡോ.കെ.അസ്സൈനാർ, മൃഗ ഡോക്ടർ |
| 3-23 | 3503.00 | ഡോ.ദാഹിർ മുഹമ്മദ്,മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 3-24 | 299262.00 | ഡോ.ദാഹിർ മുഹമ്മദ്,മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 3-25 | 600000.00 | ഡോ.ദാഹിർ മുഹമ്മദ്,മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 3-26 | 2967777.00 | ഡോ.ദാഹിർ മുഹമ്മദ്,മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| ആകെ | 7031338.00 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-2, 2-4, 3-3

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.വിനീത.സി.റ്റി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, നെൻമേനി ഗ്രാമപഞ്ചായത്ത്. | മണൽ വയൽ വീട്, താഴെമുണ്ട, പി.ഒ. കേണിച്ചിറ – 673596 |
| ശ്രീ. അബ്ദുള്ള.വി.എം, സെക്രട്ടറി | സെക്രട്ടറി, പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്. | വട്ടക്കുടി വീട് കുപ്പാടി പി.ഒ, പഴേരി |
| ശ്രീമതി. ഷീല, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ്. കല്ലുമുക്ക് | തണ്ണിക്കോട് വീട്, നൂൽപ്പുഴ പി.ഒ, കല്ലുമുക്ക്. |
| ഡോ.കെ. അസ്സൈനാർ, വെറ്ററിനറി സർജ്ജൻ | വെറ്ററിനറി ഡയസ്പെൻസറി നൂൽപ്പുഴ. | കാകത്തേരി നായ്ക്കട്ടി – പി.ഒ., വയനാട്. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും |
|---|---|

| | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1989-90, 1990-91 | LF(W) P1-427/14. 14.7.2000 |
| 1993-94 | LF(W) P1-427/14. 14.7.2000 |
| 1994-95, 1995-96 | LF(W) P1-427/14. 14.7.2000 |
| 1996-97 | LF(W) P1-427/14. 14.7.2000 |
| 1997-98 | LF(W) P1-427/14. 14.7.2000 |
| 1998-99 | LF(W) P1-427/14. 14.7.2000 |
| 1999-2000 | LF(W) P1-754/99. 27.9.00 |
| 2000-01 | LF(W) P1-199/02. 3.10.02 |
| 2001-02 | LF(W) P1-406/05. 1.6.06 |
| 2002-03 | LF(W) P4-107/07. 11.7.07 |
| 2003-04 | LF(W) P4-64/08. 2.4.08 |
| 2004-05 | LF(W) P4-65/08. 2.4.08 |
| 2005-06 | LF(W) P4-66/08. 2.4.08 |
| 2006-07 | LF(W) P4-841/09. 8.1.10 |
| 2007-08 | LF(W) P4-842/09. 7.1.10 |
| 2008-09 | LF(W) P4-388/11. 1.10.11 |
| 2009-10 | LF(W) P4-461/11. 31.10.11 |
| 2010-11 | LF(W) P5-118/13. 1.7.13 |
| 2011-12 | LF(W) P5-506/14. 13.10.14 |
| 2012-13 | LF(W) P5-506/14. 13.10.14 |
| 2013-14 | KSA.WYD-P4-75/15 dated 25/8/2015 |
| 2014-15 | KSA.WYD-P4-429/16 dated 14/7/2016 |

ഡെപ്യൂട്ടി ഡയറക്ടർ,

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)പി.4/575/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്, കൽപ്പറ്റ. പിൻ -673121

തിയ്യതി : 07.10.2017

Phone- 04936 203672

Email- dowyd.ksad@kerala.gov.in

### സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് വകുപ്പ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-2017 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-2017 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

AUDIT CERTIFICATE

No. KSA.(WYD)P.4/575/2017

Kerala State Audit Department

District Audit Office,
Wayanad, Kalpetta-673121

Phone: 04936-203672

Dated:07.10.2017

Email- dowyd.ksad@kerala.gov.in

CERTIFICATE

Certified that I have examined the Annual Financial Statement of Noolpuzha Grama Panchayath in Wayanad District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj institutions.

In my opinion, the financial statements of Noolpuzha Gramapanchayath for the year 2016-2017 except the observations in My audit report properly presents the picture of income and expenditure.

Deputy Director
District Audit office, Wayanad.